VOL NO: 07 I ISSUE 31
www.nerpatham.com
mail@nerpatham.com
2023 AUGUST 05 I ₹10

# നേർപഥം
വാരിക

# ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു?




‘ശരിയിലേക്ക് നയിക്കുന്ന കാര്യങ്ങളാണ് തെളിവുകൾ’ എന്ന സർവാംഗീകൃത നിർവചനത്തിന്റെ പശ്ചാത്തലത്തിൽ ദൈവനിഷേധത്തിന് കച്ചകെട്ടിയ നിരീശ്വരവാദികൾ ‘ദൈവമില്ലെന്നല്ല ദൈവത്തിന് തെളിവില്ല’ എന്ന വാദത്തിലേക്ക് പരിമിതപ്പെട്ടിരിക്കുകയാണ്. എവിഡൻസും പ്രൂഫും മാത്രമല്ല നിലനിൽക്കുന്ന ഫിലോസഫിക്കൽ അപ്രോച്ച് വരെ ‘ദൈവമുണ്ട്’ എന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത് എന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു.

## ഇളംകള്ളിലെ പോഷകത്തിന്റെ പോരിശ

|| വിയോജിക്കാം വേർപിരിയാം; മാന്യമായി

|| നരകത്തിൽനിന്ന് രക്ഷയാകുന്ന ചില കാര്യങ്ങൾ

|| ‘അറ്റുപോകരുത് പൗരാന്തസ്സ്’ സക്കറിയയുടെ ജൽപനങ്ങൾ




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0341
നേർപഥം
വാരിക
2023 ആഗസ്റ്റ് 05
1445 മുഹറം 18
പുസ്തകം 07 / ലക്കം 31



Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു?
ഷാഹുൽ പാലക്കാട്

മുഖമൊഴി
05
ഇളംകള്ളിലെ
പോഷകത്തിന്റെ പോരിശ!

ലേഖനം
06
മുഹമ്മദ് ഹുസൈൻ
ബട്ടാലവിയും മിർസയും
പാളിപ്പോയ പ്രവചനവും
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

ലേഖനം
26
നരകത്തിൽനിന്ന്
രക്ഷയാകുന്ന ചില കാര്യങ്ങൾ
അബ്ദുൽ ജബ്ബാർ അബ്ദുല്ല

ലേഖനം
18
വിയോജിക്കാം
വേർപിരിയാം;
മാന്യമായി
നബീൽ പയ്യോളി

പ്രതികരണം
29
നയം വ്യക്തമാക്കാതെ
പാഠപുസ്തക രചനയിലേക്ക്
പ്രവേശിച്ചത് ആശങ്കാജനകം
ടി.കെ അശ്റഫ്

നിയമപഥം
22
അന്വേഷണ
ഏജൻസികൾ
അബൂആദം അയ്മൻ

അനുഭവക്കുറിപ്പ്
30
തടവറയിൽനിന്ന്
പ്രകാശത്തിലേക്ക്
മുബാറക് തിരൂർക്കാട്

ക്വുർആൻ ദർശനം
24
സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

നമുക്കുചുറ്റും
34
'അറ്റുപോകരുത് പൗരാന്തസ്സ്'
സക്കറിയയുടെ ജൽപനങ്ങൾ
വി.വി. ബഷീർ, വടകര



# മദ്റസകൾക്ക് നേരെ ദുരാരോപണമുന്നയിച്ച് ധ്രുവീകരണമുണ്ടാക്കരുത്: വിസ്ഡം വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട്: കേരളത്തിലെ മദ്റസകൾക്കും അധ്യാപകർക്കും സർക്കാർ ശമ്പളവും ധനസഹായവും നൽകുന്നുണ്ടെന്ന വ്യാജപ്രചാരണത്തിലൂടെ സമൂഹത്തിൽ ഛിദ്രതയുണ്ടാക്കുന്നവർക്കെതിരെ ശക്തമായ നടപടിസ്വീകരിക്കണമെന്ന് വിസ്ഡം മദ്റസ വിദ്യാഭ്യാസ ബോർഡ് സംസ്ഥാന സമിതി പ്രധാനധ്യാപകർക്കായി സംഘടിപ്പിച്ച ഉത്തരമേഖല ശിൽപശാല അഭിപ്രായപ്പെട്ടു.

സമൂഹത്തിൽ ധ്രുവീകരണവും വിദ്വേഷവും പ്രചരിപ്പിക്കാൻവേണ്ടി മാത്രം പ്രവർത്തിക്കുന്ന സംഘപരിവാർ സംഘടനകളുടെ ആരോപണങ്ങൾക്ക് സർക്കാർ വസ്തുനിഷ്ഠമായി മറുപടി നൽകണമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു. വിസ്ഡം പണ്ഡിതസഭയായ ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി ഫറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം അധ്യക്ഷത വഹിച്ചു. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ട്രഷറർ കെ. സജ്ജാദ്, വിദ്യാഭ്യാസ ബോർഡ് ചെയർമാൻ ഹുസൈൻ ടി കാവനൂർ, റഷീദ് കുട്ടമ്പൂർ, ഡോ. ഷിയാസ് സ്വലാഹി, യാസിർ സ്വലാഹി, എം.കെ ഇർഫാൻ സ്വലാഹി, ഐ.പി മൂസ, ഷൗക്കത്തലി അൻസാരി, അബ്ദുന്നാസിർ മദനി, അൻവർ സ്വലാഹി വയനാട്, അബ്ദുൽ ഖാദർ കണ്ണൂർ പ്രസംഗിച്ചു.

# മദ്യം വ്യാപകമാക്കുന്ന നയത്തിൽനിന്ന് സർക്കാർ പിന്തിരിയണം: വിസ്ഡം

മണ്ണാർക്കാട്: ജനങ്ങളുടെ സമാധാനം കെടുത്തുന്ന മദ്യം വ്യാപകമാക്കുന്ന നയത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പാലക്കാട് ജില്ലാസമിതി സംഘടിപ്പിച്ച ദഅ്‌വ ശിൽപശാല അഭിപ്രായപ്പെട്ടു. സാമ്പത്തിക പ്രതിസന്ധികൾ തരണംചെയ്യേണ്ടത് ക്രിയാത്മകപദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടാകണം. മനുഷ്യന്റെ സർവ വ്യവഹാരങ്ങളിലും കൃത്യവും മാനവികവും നീതിയുക്തവുമായ വഴികാട്ടുന്ന ശരീഅത്ത് പരിഷ്കരിക്കണമെന്ന ചിലരുടെ വാദം വിവരക്കേടിന്റെ അടയാളമാണ്. ഏകീകൃത സിവിൽകോഡ് കൊണ്ടുവരാനുള്ള മുന്നൊരുക്കം രാജ്യത്തിന്റെ വൈവിധ്യത്തെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.

ഡിസംബർ 10ന് പാലക്കാട് പുതുനഗരത്ത് നടക്കാനിരിക്കുന്ന വിസ്ഡം ജില്ലാ ഫാമിലി കോൺഫറൻസിന്റെ ഭാഗമായാണ് ശിൽപശാല സംഘടിപ്പിച്ചത്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. ഹാരിസ് ബിൻ സലീം ഉദ്ഘാടനം ചെയ്തു. മണ്ണാർക്കാട് ചോമേരി മസ്ജിദിൽ നടന്ന പരിപാടിയിൽ ജില്ലാവൈസ് പ്രസിഡന്റ് അബ്ദുൽഹമീദ് ഇരിങ്ങൽതൊടി അധ്യക്ഷനായി. വിസ്ഡം ജില്ലാ പ്രസിഡന്റ് ഹംസക്കുട്ടി സലഫി, ജില്ലാ സെക്രട്ടറി റഷീദ് കൊടക്കാട്ട്, ജില്ലാ ജോ.സെക്രട്ടറിമാരായ ഒ.മുഹമ്മദ് അൻവർ, ടി.കെ സദഖത്തുല്ല, പി.യു സുഹൈൽ, അബ്ദുൽകരീം പട്ടാമ്പി, മുഹമ്മദ്കുട്ടി സലഫി, നൗഫൽ കളത്തിങ്കൽ, ഉണ്ണീൻ വാപ്പു, സുൽഫിക്കർ, ശാഫി അൽഹികമി തുടങ്ങിയവർ സംസാരിച്ചു.

# ഇളംകള്ളിലെ പോഷകത്തിന്റെ പോരിശ!

മദ്യത്തിന്റെയും ഇതര മയക്കുമരുന്നുകളുടെയും പിടിയിലമർന്നു കൊണ്ട് നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ കാതിൽ തേൻമഴയായി വർഷിക്കുന്ന വാക്കുകളാണ് ഭരണാധികാരികളിൽനിന്ന് പുറത്തുവന്നു കൊണ്ടിരിക്കുന്നത്. കള്ള് പോഷകാഹാരമാണ്, ചെത്തിയ ഉടനെയുള്ള ഇളംകള്ള് പോഷകസമൃദ്ധമാണ്, അതിന് വലിയ ലഹരിയൊന്നുമുണ്ടായിരിക്കില്ല എന്നിങ്ങനെ പോകുന്നു മഹദ്വചനങ്ങൾ!

ഈ പ്രസ്താവനകൾക്കും, കൂടുതൽ ബാറുകൾക്ക് അനുമതി നൽകാനുള്ള തീരുമാനത്തിനും തൊട്ടു പിന്നാലെയാണ് ആലുവയിൽ ഒരു ഇതര സംസ്ഥാന തൊഴിലാളി പിഞ്ചു ബാലികയെ അതിക്രൂരമായി പീഡിപ്പിച്ചു കൊന്നത്. മദ്യത്തിന്റെയും മറ്റു മയക്കുമരുന്നുകളുടെയും ലഹരിയിൽ എത്രയെത്ര ദുരന്തങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ദിനേന സംഭവിച്ചുകൊണ്ടിരിക്കുന്നത്! അതിൽ കൊലപാതകങ്ങളും പീഡനങ്ങളും ആത്മഹത്യകളും വാഹനാപകടങ്ങളും കവർച്ചയുമെല്ലാം ഉൾപെടും.

മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണെന്ന് പറയുമ്പോഴും കുറച്ച് മദ്യം കഴിക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലെന്നാണ് പൊതുധാരണ. അതിന് സുരക്ഷിത മദ്യപാനം എന്ന് വിളിക്കുകയും ചെയ്യും. എന്നാൽ സുരക്ഷിത മദ്യപാനം എന്നൊന്നില്ലെന്ന് ലോകാരോഗ്യ സംഘടന 2023 ജനുവരി മാസത്തിൽ വ്യക്തമാക്കിയത് നമ്മുടെ ആരോഗ്യ മന്ത്രിയടക്കം ആരും അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. ആരോഗ്യത്തെ ബാധിക്കാത്ത രീതിയിൽ മദ്യത്തിന് അളവ് ഇല്ലെന്നാണ് ഡബ്ല്യു.എച്ച്.ഒ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.

കൂടുതൽ മദ്യം കഴിക്കുന്നതിനനുസരിച്ച് കാൻസർ വരാനുള്ള സാധ്യത ഗണ്യമായി വർധിക്കുമെന്നും യൂറോപ്പിൽ 200 ദശലക്ഷം ആളുകൾക്ക് ആൽക്കഹോൾ-ആട്രിബ്യൂട്ടബിൾ കാൻസർ വരാനുള്ള സാധ്യതയുണ്ടെന്നും ലോകാരോഗ്യ സംഘടന പറയുന്നു. ലാൻസെറ്റ് പബ്ലിക് ഹെൽത്ത് പ്രദ്ധീകരിച്ച പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരുന്നത്.

ആഴ്ചയിൽ 1.5ലിറ്റർ കുറവ് വൈനും 3.5 ലിറ്ററിൽ കുറവ് ബിയറും ആഴ്ചയിൽ 450 മില്ലി മദ്യം കഴിക്കുന്നതുപോലും ആരോഗ്യത്തിന് ഹാനികരമാണ് എന്നാണ് ലോകാരോഗ്യസംഘടന പറയുന്നത്. വിലയും ഗുണനിലവാരവും പരിഗണിക്കാതെ തന്നെ, മദ്യം അടങ്ങിയ ഏത് പാനീയയവും കാൻസറിന് കാരണമാകുമത്രെ!

കുടൽ കാൻസർ, സ്തനാർബുദം തുടങ്ങി കുറഞ്ഞത് ഏഴ് കാൻസറുകളെങ്കിലും മദ്യപാനം മൂലമുണ്ടാകുന്നുണ്ട്. എഥനോൾ ശരീരത്തിൽ എത്തുന്നത് വഴി ജൈവിക സംവിധാനങ്ങൾ തകരുകയും ഇത് കാൻസറിന് കാരണമാകുകയും ചെയ്യുന്നു. മദ്യത്തിന്റെ ഉപയോഗം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്ന് തെളിയിക്കാൻ ശാസ്ത്രീയമായ തെളിവുകൾ ആവശ്യമാണെന്നും മദ്യപാനത്തിന്റെ ആദ്യ തുള്ളി അകത്തെത്തുന്നത് മുതൽ ഒരാളുടെ ആരോഗ്യം അപകടത്തിലേക്ക് പോകുന്നുവെന്നും എത്രത്തോളം കൂടുതൽ മദ്യപിക്കുന്നുവോ അത്രയും അപകടസാധ്യത കൂടുമെന്നും ലോകാരോഗ്യസംഘടനയുടെ കുറിപ്പിൽ പറയുന്നു.

വിദേശി, സ്വദേശി, നാടൻ, ഇളംകള്ള്, നേരിയ ലഹരി മാത്രമുള്ളത് എന്നിങ്ങനെ എന്ത് ഓമനപ്പേരിട്ട് വിളിച്ചാലും മദ്യം മദ്യം തന്നെ. ഇളംകള്ളിന്റെ പോരിശ ബഹു. മുഖ്യമന്ത്രിതന്നെ പറയുന്ന വീഡിയോ കാണുകയുണ്ടായി. വലിയ ലഹരിയില്ലാത്ത നേരിയ തോതിൽ മാത്രം ലഹരിയുടെ അംശം അടങ്ങിയ മിഠായികൾ രഹസ്യ വിപണിയിലുണ്ടല്ലോ. നേരിയ ലഹരി മാത്രമുള്ള ചെത്തുകള്ള് കുടിക്കാമെങ്കിൽ വളരെ നേരിയ ലഹരിയടങ്ങിയ മിഠായി എന്തുകൊണ്ട് കഴിച്ചുകൂടാ എന്ന് കുട്ടികൾ ചിന്തിച്ചാൽ അവരെ കുറ്റം പറയാനാകുമോ?

ഇവിടെയാണ് ഈ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ നിലപാട് പ്രസക്തമാകുന്നത്. വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും ദുഷിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന സകലവിധ ലഹരിവസ്തുക്കളെയും ഇസ്‌ലാം നിഷിദ്ധമാക്കിയിരിക്കുന്നു; ലഹരി ബാധിക്കാത്തത്ര ചെറിയ അളവാണെങ്കിൽ പോലും. കാരണം, ഇസ്‌ലാം മനുഷ്യനെ ആദരിക്കുന്നു. ലഹരിയിൽ മുങ്ങി ജീവിതം തുലക്കാൻ മനുഷ്യനെ ഇസ്‌ലാം അനുവദിക്കുന്നില്ല. ലഹരിയിൽ അലിഞ്ഞുതീരാനുള്ളതല്ല മനുഷ്യന്റെ ജീവിതം. ലഹരി സകല തിന്മകളുടെയും മാതാവാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അത് എത്രത്തോളം ശരിയാണെന്ന് ദിനപത്രത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ വ്യക്തമാകും.



ലേഖനം

ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 27

# മുഹമ്മദ് ഹുസൈൻ ബട്ടാലവിയും മിർസയും പാളിപ്പോയ പ്രവചനവും

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
✆: 9447 701 741

### കല്ലുവെച്ച നുണകൾ

1907ൽ പ്രസിദ്ധീകരിച്ച ഹഖീഖത്തുൽ വഹ്‌യിൽ, ലേഖ്റാമിന് ആറു വർഷത്തെ കാലാവധി നൽകിയിരുന്നുവെന്നും അവൻ വധിക്കപ്പെടുമെന്നും അത് പെരുന്നാൾ പിറ്റേന്ന് ശനിയാഴ്ചയായിരിക്കുമെന്നും വരെ താൻ മുൻകൂട്ടി പറഞ്ഞിരുന്നുവെന്ന് മിർസ അവകാശപ്പെടുന്നുണ്ട്. (പേജ് 282).

ഇതൊന്നും പക്ഷേ, ലേഖ്റാമിന്റെ മരണത്തിനു മുമ്പ് മിർസാ ഖാദിയാനി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അവസാനകാലത്ത് എഴുതിയ ചശ്മയെ മഅ്‌രിഫത്തിൽ പറയുന്നു: "ലേഖ്റാം ദുർഭാഷണം കൊണ്ട് മതിയാക്കാതെ തന്റെ മരണം പ്രവചിക്കാൻ എന്നോടാവശ്യപ്പെട്ടു. അവന്റെ തുടരെത്തുടരെയുള്ള നിർബന്ധം മൂലം അല്ലാഹുവിൽ നിന്ന് ലഭിച്ച വിവരം ഞാൻ പ്രഖ്യാപിച്ചു; അവൻ ആറ് വർഷത്തിനുള്ളിൽ മരിച്ചുപോകുമെന്ന്. എന്നാൽ അതുകൊണ്ടും മതിയാക്കാതെ ഞാനുമായി ലിഖിത മുബാഹല നടത്തി. പക്ഷേ, അവൻ മുബാഹല നടത്തിയത്, അല്ലാഹുവിന്റെയടുത്ത് അവന്റെ മരണം നിർണയിച്ചു കഴിഞ്ഞ കാലത്തായിരുന്നു" (പേജ് അലിഫ്).

ഈ വാക്യത്തിൽനിന്ന് മനസ്സിലാവുക, പ്രവചനം ആദ്യവും മുബാഹല ശേഷവും നടന്നു എന്നാണല്ലോ. യഥാർഥത്തിൽ സംഭവിച്ചതോ?

1886, മിർസ ലേഖ്റാമിനെ മുബാഹലക്ക് വെല്ലുവിളിച്ചു.

1888, ലേഖ്റാം വെല്ലുവിളി സ്വീകരിച്ച് മുബാഹലാ പ്രാർഥന രേഖപ്പെടുത്തി.

1899, ഒരുവർഷത്തെ കാലാവധി അവസാനിച്ചു.

1893, മിർസ ലേഖ്റാമിനെക്കുറിച്ച് പ്രവചനം നടത്തി (കാലാവധി 6 വർഷം).

1897 ലേഖ്റാം വധിക്കപ്പെട്ടു.

ലേഖ്റാം മരിച്ചത് മുബാഹലയുടെ ഫലമായോ പ്രവചന സാക്ഷാത്കാരമോ എന്ന് വിശ്വാസികൾ അന്വേഷിക്കുക.

### മൂന്നു പ്രവചനങ്ങൾ

ഹഖീഖതുൽ വഹ്‌യിൽ നിന്ന്: "ഏതൊക്കെ പ്രവചനങ്ങളിൽനിന്നാണ് അവൻ വധിക്കപ്പെടുമെന്ന് തെളിയുക? അറിഞ്ഞുകൊള്ളുക, അവ മൂന്നാകുന്നു. ഒന്ന്: ബർകാതു ദുആയിൽ, അയാൾ ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസിദ്ധീകരിച്ച പ്രവചനത്തിൽ വധിക്കപ്പെടുമെന്ന് സുതരാം വ്യക്തമാകുന്നു. ഇജ്‌ലുൻ ജസദുൻ.... അതായത് ലേഖ്റാം സാമിരിയുടെ ജീവനില്ലാത്ത പശുക്കുട്ടിയാകുന്നു. ഒരു ശബ്ദം മാത്രമെ അതിലുള്ളൂ; ആത്മാവില്ല. സാമിരിക്ക് നൽകിയ ശിക്ഷതന്നെ അവനും ലഭിക്കും. സാമിരിയുടെ പശുക്കുട്ടിയെ അടിച്ചുനുറുക്കി കത്തിച്ച ശേഷം പുഴയിലൊഴുക്കിയെന്ന് എല്ലാവർക്കുമറിയാം. ഇത്ര വ്യക്തമായി ലേഖ്റാമിന്റെ വധം മുൻകൂട്ടി പറഞ്ഞിട്ടുണ്ട്"(പേജ് 284).

ആയീനയേ കമാലാതെ ഇസ്‌ലാം എന്ന കൃതിയിൽ 'ഇജ്‌ലുൻ...' എന്നു തുടങ്ങുന്ന വചനത്തിന്റെ അർഥം മിർസതന്നെ വിവരിച്ചിട്ടുണ്ട്. അവിടെ സാമിരിയെ പറയുന്നേയില്ല. ലേഖ്റാം മരിച്ചശേഷം, വഹ്‌യിന്റെ അർഥത്തിൽ സാമിരി കടന്നുവന്നിരിക്കുന്നു! വധത്തെക്കുറിച്ച് നേരത്തെ പറഞ്ഞിട്ടുണ്ടെന്ന് കാണിക്കാനാണ് സാമിരിയെ കൂട്ടുപിടിച്ചത്.

ലേഖ്റാമിന്റെ വധത്തെക്കുറിച്ചുള്ള രണ്ടാമത്തെ പ്രവചനം ഒരു ജാഗ്രദ് ദർശനമാണ് (കശ്ഫ്). ബർകാതുദ്ദുആയുടെ അടിക്കുറിപ്പിൽ അത് വിവരിച്ചിട്ടുണ്ട്. "1893 ഏപ്രിൽ 2ന് അതിശക്തനും ഭീകരരൂപിയും മുഖത്തുനിന്ന് രക്തം ഇറ്റുന്നവനുമായ മലക്കിനെപ്പോലെ ഒരാൾ ലേഖ്റാം എവിടെ എന്നും വേറൊരാളുടെ പേര് പറഞ്ഞു അയാളെവിടെ എന്നും ചോദിച്ചു. അപ്പോൾ ഞാൻ മനസ്സിലാക്കി, ഇയാൾ ലേഖ്റാമിനെയും മറ്റെയാളെയും ശിക്ഷിക്കാൻ നിയുക്തനായവനാണ് എന്ന്" (അതേ പുസ്തകം).

ഇവിടെയും ലേഖ്റാമിന്റെ മരണമല്ല, അയാളെ ശിക്ഷിക്കാനായി മലക്ക് വന്ന കാര്യമാണ് പറയുന്നത്.

നേരത്തെ പ്രസിദ്ധീകരിച്ച പേർഷ്യൻ കവിതയിലെ വരിയാണ് മൂന്നാമത്തെത്. തദ്കിറയിൽ പ്രസ്തുത വരി മാത്രം വഹ്‌യായി ചേർത്തിട്ടുണ്ട്: "അല്ലയോ വിവരം കെട്ട, വഴിപിഴച്ച ശത്രൂ, നീ മുഹമ്മദിന്റെ വാളുകൊണ്ട് തുണ്ടം തുണ്ടമാക്കപ്പെടും" (പേജ് 185).

കവിതയുടെ അർഥം വിവരിച്ചത്, 'അല്ലയോ ലേഖ്റാം' എന്ന സംബോധനയോടെയാണ്. കവിതയിലെ ഏതു വാക്കിനാണ് പുതുതായി ഈ അർഥം ലഭിച്ചതെന്നറിയില്ല. നേരത്തെ പല പുസ്തകങ്ങളിലും ഈ വരികൾ പകർത്തിയെഴുതിയപ്പോഴൊന്നും ഈ അർഥം ലഭിച്ചിരുന്നില്ല. 'അലാ, ഏ ദുശ്മനേ നാദാനോ ബേറാഹ്' എന്നതിനാണ് 'അല്ലയോ ലേഖ്റാം' എ അർഥം പറഞ്ഞിരിക്കുന്നത്.

ഈ മൂന്നു പ്രവചനങ്ങളും പ്രസിദ്ധീകരിച്ചപ്പോൾ ലേഖ്റാം മരിക്കുമെന്ന് എവിടെയും പറഞ്ഞിരുന്നില്ല. അത് തെളിയിക്കാൻ ഒരു ഖാദിയാനിക്കും സാധ്യവുമല്ല.

ദൈവസ്പർശമുള്ള അസ്വാഭാവിക ശിക്ഷകൊണ്ട് മരണം ഉദ്ദേശിച്ചിരുന്നെങ്കിൽ പ്രവചനം പുലർന്നശേഷം ഇസ്‌ലാം സ്വീകരിക്കാൻ ലേഖ്റാം ബാക്കിയുണ്ടാകുമോ?

**പൊലീസ് റെയ്ഡ്**

ലേഖ്റാമിന്റെ മരണത്തിന് പിന്നിൽ മിർസായുടെ പ്രവചനമല്ല; കൈകളാണെന്ന് പൊലീസ് സംശയിച്ചു. മിർസാ ബഷീർ അഹ്മദ് സീറത്തുൽ മഹ്ദിയിൽ വിവരിക്കുന്നു: "1897 ഏപ്രിൽ 8ന് മസീഹിന്റെ വീടും മറ്റ് സ്ഥാപനങ്ങളും റെയ്ഡ് ചെയ്ത് ചില കത്തുകൾ കണ്ടെടുത്തു. ലേഖ്റാമിനെ കൊന്നതിന് അഭിനന്ദനമറിയിച്ചുകൊണ്ട് ഒരു അഹ്മദി കത്തെഴുതിയിരുന്നു. സംഘത്തലവൻ ചോദ്യം ചെയ്തപ്പോൾ ഇതുപോലത്തെ കത്തുകൾ ഒരു സഞ്ചി നിറയെ ഉണ്ടെന്നായിരുന്നു മറുപടി. തുടർന്ന് അദ്ദേഹത്തെയും ചില അനുയായികളെയും ചോദ്യം ചെയ്തു" (രിവായത്ത് നമ്പർ 243).

**ലേഖ്റാമിന്റെ മരണത്തിന് പിന്നിൽ മിർസായുടെ പ്രവചനമല്ല; കൈകളാണെന്ന് പൊലീസ് സംശയിച്ചു. മിർസാ ബഷീർ അഹ്മദ് സീറത്തുൽ മഹ്ദിയിൽ വിവരിക്കുന്നു: "1897 ഏപ്രിൽ 8ന് മസീഹിന്റെ വീടും മറ്റ് സ്ഥാപനങ്ങളും റെയ്ഡ് ചെയ്ത് ചില കത്തുകൾ കണ്ടെടുത്തു. ലേഖ്റാമിനെ കൊന്നതിന് അഭിനന്ദനമറിയിച്ചുകൊണ്ട് ഒരു അഹ്മദി കത്തെഴുതിയിരുന്നു. സംഘത്തലവൻ ചോദ്യം ചെയ്തപ്പോൾ ഇതുപോലത്തെ കത്തുകൾ ഒരു സഞ്ചി നിറയെ ഉണ്ടെന്നായിരുന്നു മറുപടി. തുടർന്ന് അദ്ദേഹത്തെയും ചില അനുയായികളെയും ചോദ്യം ചെയ്തു'' (രിവായത്ത് നമ്പർ 243). വേണ്ടത്ര തെളിവുകൾ ലഭിക്കാത്തതിനാലോ എന്തോ കേസിന് തുമ്പില്ലാതെപോയി. അതേസമയം ഈ കൊലപാതകത്തിന് മുസ്‌ലിം സമൂഹം വലിയ വില നൽകേണ്ടിവന്നു.**

വേണ്ടത്ര തെളിവുകൾ ലഭിക്കാത്തതിനാലോ എന്തോ കേസിന് തുമ്പില്ലാതെപോയി. അതേസമയം ഈ കൊലപാതകത്തിന് മുസ്‌ലിം സമൂഹം വലിയ വില നൽകേണ്ടിവന്നു.

"ലേഖ്റാം വധിക്കപ്പെട്ടത് മാർച്ച് 6നായിരുന്നു. അടുത്ത ദിവസം ആര്യസമാജക്കാർ രാജ്യത്ത് ശക്തമായ കൊടുങ്കാറ്റ് തന്നെ സൃഷ്ടിച്ചു. നിരവധി മുസ്‌ലിം കുട്ടികൾ അറുകൊല ചെയ്യപ്പെട്ടു. ഹസ്രത്ത് സാഹിബിനെതിരെയും വധഗൂഢാലോചന നടന്നു" (അതേ പുസ്തകം).

ഖാദിയാനി പ്രവാചകന്റെ മകൻ ഖലീഫയിൽനിന്ന് വ്യത്യസ്തമായി മിർസാ ബഷീർ അഹ്മദ് ചില അപ്രിയ സത്യങ്ങൾ സീറത്തുൽ മഹ്ദിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ 'പ്രവാചക'നെ തിരിച്ചറിയാനും അദ്ദേഹത്തിന്റെ സ്വഭാവം മനസ്സിലാക്കാനും പര്യാപ്തമാണ്.

## മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി

മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഇസ്‌ലാമിന്റെ സംരക്ഷകനായി ചമഞ്ഞ് 'ബറാഹീനെ അഹ്മദിയ്യ' ഒന്നാം വാല്യം പ്രസിദ്ധീകരിച്ചപ്പോൾ അതിന് റിവ്യൂ എഴുതുകയും കുറെ പണം സ്വരൂപിച്ചു കൊടുക്കുകയും ചെയ്ത അഹ്‌ലെ ഹദീസ് പണ്ഡിതനായിരുന്നു മുഹമ്മദ് ഹുസൈൻ ബട്ടാലവി. പക്ഷേ, പിന്നീട് പുറത്തിറങ്ങിയ ഖാദിയാനീ ഗ്രന്ഥങ്ങളിൽനിന്ന് മിർസായുടെ യഥാർഥ രോഗത്തെപ്പറ്റി ബോധവാനാവുകയും കടുത്ത വിമർശകനാവുകയും ചെയ്തു അദ്ദേഹം.

**ഖാദിയാനി മതം സ്വീകരിക്കും!**

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ അനുയായി ആകുമെന്നായിരുന്നു ഖാദിയാനി പ്രവാചകന്റെ ആദ്യത്തെ പ്രവചനം.

"ശെയ്ഖ് മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ ദുർമാർഗത്തിൽ നിന്ന് തിരിച്ചുവരും. പിന്നീട് അല്ലാഹു അവന്റെ കണ്ണുകൾ തുറക്കും. അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാണല്ലോ. ഇത് പോലെ മൂന്നുതവണ അദ്ദേഹത്തെക്കുറിച്ച് എനിക്ക് ഇൽഹാം ലഭിച്ചിട്ടുണ്ട്" (പേജ് 247).

'ഇഅ്ജാസെ അഹ്മദി' എന്ന കൃതിയിലെ ഒരു അറബി കവിതയുടെ ആശയം ഇങ്ങനെയാണ്: "അയാളുടെ വിശ്വാസത്തെപ്പറ്റി എന്റെ പ്രതീക്ഷ നശിച്ചിട്ടില്ല. കാരണം അല്ലാഹു എന്നോട് പറഞ്ഞു: 'ഹേ മിർസാ, അല്ലാഹു നിന്റെ സ്നേഹിതൻ മുഹമ്മദ് ഹുസൈന്റെ വിധി നിനക്ക് വെളിപ്പെടുത്തിത്തരും. വിധിന്യായ ദിനത്തിൽ അവനെ ഞാൻ വിസ്മ

രിക്കുകയില്ല. എന്റെ കരങ്ങളാൽ അവർ പുനർജനിക്കും. അവന്റെ പാപങ്ങൾ പൊറുക്കപ്പെടും. ഭക്തിയുടെയും വിശുദ്ധിയുടെയും പാനപാത്രം അവന് നൽകപ്പെടും. മന്ദമാരുതന്റെ സൗരഭ്യശീതളമായ തഴുകലേറ്റ് അവൻ സുരഭിലമാകും. എന്റെ സ്രഷ്ടാവിന്റെ വചനങ്ങൾ സത്യമാകുന്നു. നിങ്ങളിൽ ജീവിച്ചിരിപ്പുള്ളവർ ഈ വാക്കുകൾ പുലരുന്നതു കാണും" (പേജ് 50-51).

1897ലായിരുന്നു ഈ പ്രവചനം. തദ്കിറയിലെ അടിക്കുറിപ്പിൽ ഇങ്ങനെ വായിക്കാം: "വാഗ്ദത്ത മസീഹ് പറഞ്ഞു: 'യഥാർഥത്തിൽ, മുഹമ്മദ് ഹുസൈൻ വിനയാന്വിതനായിരുന്നു. പക്ഷേ, ഉള്ളിൽ ഒരുതരം സ്വാർഥതയുള്ളതായി കാണാൻ കഴിഞ്ഞു. അതിനാൽ അല്ലാഹു അവനെ ഈ രീതിയിൽ ശുദ്ധീകരിക്കാൻ ആഗ്രഹിച്ചു. ബറാഹീനിൽ ഒരു ഇൽഹാം ഉണ്ട്. അതിൽ ഫിർഔൻ എന്നാണ് അദ്ദേഹത്തിന് പേര് നൽകിയത്. അതുകൊണ്ട് അദ്ദേഹം അവസാനം പറയേണ്ടത് 'ഇസ്രായേൽ സന്തതികൾ വിശ്വസിച്ചതിൽ ഞാൻ വിശ്വസിച്ചു' എന്നാണ്."

എന്താണ് ഈ അന്തിമ

**മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഇസ്‌ലാമിന്റെ സംരക്ഷകനായി ചമഞ്ഞ് 'ബറാഹീനെ അഹ്മദിയ്യ' ഒന്നാം വാല്യം പ്രസിദ്ധീകരിച്ചപ്പോൾ അതിന് റിവ്യൂ എഴുതുകയും കുറെ പണം സ്വരൂപിച്ചു കൊടുക്കുകയും ചെയ്ത അഹ്‌ലെ ഹദീസ് പണ്ഡിതനായിരുന്നു മുഹമ്മദ് ഹുസൈൻ ബട്ടാലവി. പക്ഷേ, പിന്നീട് പുറത്തിറങ്ങിയ ഖാദിയാനീ ഗ്രന്ഥങ്ങളിൽനിന്ന് മിർസായുടെ യഥാർഥ രോഗത്തെപ്പറ്റി ബോധവാനാവുകയും കടുത്ത വിമർശകനാവുകയും ചെയ്തു അദ്ദേഹം.**

സന്തോഷം അവനു വിധിച്ചിരിക്കുന്നതെന്ന് മസീഹിനോട് ചോദിച്ചു. 'അല്ലാഹുവിന് മാത്രമേ അറിയൂ. പക്ഷേ, അയാൾ ആത്മാർഥമായി ബറാഹിനെ അഹ്മദിയ്യക്ക് അവലോകനം എഴുതി:

"ഒരിക്കൽ എന്നെ വീട്ടിലേക്ക് കൊണ്ടുപോയി. അനുഗ്രഹത്തിന് വേണ്ടിയായിരുന്നു അത്. എന്റെ ചെരിപ്പ് തുടച്ചുവയ്ക്കുകയും വുദൂഅ് ചെയ്യുതരികയും ചെയ്തിരുന്നു. ഖാദിയാനിൽ വന്ന് താമസിക്കണമെന്ന് അദ്ദേഹം പലതവണ ആഗ്രഹം പ്രകടിപ്പിച്ചു. ഇപ്പോൾ സമയമായിട്ടില്ലെന്ന് ഞാൻ പറഞ്ഞു. ഈ ആത്മാർഥതയ്ക്ക് പകരമായി അല്ലാഹു അവന്റെ അന്ത്യം നല്ലതാക്കിയതിൽ അത്ഭുതമുണ്ടോ?" (പേജ് 248).

പക്ഷേ, മൗലവി ബട്ടാലവി മിർസയെ വിശ്വസിച്ചില്ലെന്ന് മാത്രമല്ല തന്റെ പ്രസംഗങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ഖാദിയാനീ മതത്തെ നിശിതമായി വിമർശിക്കുകയും മിർസ കള്ളവാദിയായ ദജ്ജാലാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മിർസാ ഗുലാം പതിവുപോലെ ബട്ടാലവിയുടെ തീയതി പ്രഖ്യാപിച്ചു.

**മുബാഹലക്ക് തയ്യാറാവുക**

തദ്കിറയിൽ നിന്ന്: "1898 നവംബർ 21: ശെയ്ഖ് മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഈ വിനീതനെ നിന്ദിക്കാനും അപമാനിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള ഒരവസരവും പാഴാക്കിയില്ല. എന്റെ ചില സുഹൃത്തുക്കൾ ശെയ്ഖ് സാഹിബിനോട് വളരെ സൗമ്യമായും മാന്യമായും പ്രശ്നം മുബാഹല ചെയ്തു തീർക്കണമെന്ന് അഭ്യർഥിച്ചു. തർക്കം ഒരു തരത്തിലും തീർപ്പാക്കാൻ പറ്റാതെ വരുമ്പോൾ, അവസാനത്തെ രീതി ദൈവത്തിന്റെ തീരുമാനം തേടലാണ്, അതിനെ മുബാഹല എന്ന് വിളിക്കുന്നു. അതിന് ഒരു വർഷമാണ് കാലാവധി. എന്നാൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി നല്ല മനസ്സോടെ മുബാഹലക്ക് തയ്യാറാകാതെ, മുഹമ്മദ് ബക്ഷ് ജഅ്ഫർ സട്‌ലിയുടെയും അബുൽ ഹസൻ ടിബറ്റിയുടെയും പേരിൽ വൃത്തികെട്ടതും അധിക്ഷേപകരവുമായ ഒരു പരസ്യം പ്രസിദ്ധീകരിച്ചു. ആ പരസ്യം എന്റെ മുന്നിൽ വയ്ക്കുന്നു, അല്ലാഹു ഞാനും മുഹമ്മദ് ഹുസൈനും തമ്മിലുള്ള പ്രശ്നം തീരുമാനിക്കട്ടെ. അല്ലാഹുവിനോട് ഞാൻ പ്രാർഥിച്ചു: 'സർവശക്തനായ നാഥാ, മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ ഇശാഅത്തുസ്സുന്ന മാസികയിൽ എന്നെ അസത്യവാദി, ദജ്ജാൽ, കറ്റുകെട്ടുന്നവൻ എന്ന് ആവർത്തിച്ച് വിളിക്കുന്നു. അദ്ദേഹവും ജാഫർ സട്‌ലിയും അബുൽ ഹസൻ ടിബറ്റിയും 1898 നവംബർ 10ന് പ്രസിദ്ധീകരിച്ച പരസ്യത്തിൽ എന്നെ നിന്ദിക്കുന്നതിൽ ഒരു കുറവും വരുത്തിയിട്ടില്ല. നിന്റെ ദൃഷ്ടിയിൽ ഞാൻ നിന്ദ്യനും നുണയനും കറ്റുകെട്ടുന്നവനുമാണെങ്കിൽ നാഥാ! ഡിസംബർ 15മുതൽ ജനുവരി 15വരെ 13 മാസത്തിനുള്ളിൽ എന്നെ നിന്ദ്യനാക്കുകയും അവരുടെ അന്തസ്സും മാന്യതയും വർധിപ്പിക്കുകയും ചെയ്യുകൊണ്ട് ഞങ്ങളുടെ കലഹത്തിന് തീരുമാനം ഉണ്ടാക്കണേ! മറിച്ച് നിന്റെ അടുത്ത് എനിക്ക് വല്ല മാന്യതയും ഉണ്ടെങ്കിൽ വിനീതമായി ഞാൻ പ്രാർഥിക്കുന്നു: അനുഗ്രഹദാതാവായ എന്റെ നാഥാ, ഈ 13 മാസങ്ങൾക്കകം, എന്റെ മാനം കെടുത്താനായി ഈ പരസ്യം പ്രസിദ്ധീകരിച്ച മൂന്നുപേരെയും ലോകർക്ക് മുമ്പിൽ അപമാനിതരും അപഹാസ്യരും ആക്കേണമേ! നിന്റെ ദൃഷ്ടിയിൽ ഇവർ സത്യസന്ധരും ഭക്തരും പരിത്യാഗികളും, ഞാൻ നുണയനും കള്ളം ചമയ്ക്കുന്നവനും ആണെങ്കിൽ ഈ പതിമൂന്ന് മാസങ്ങളിൽ എന്നെ മാനംകെടുത്തി നശിപ്പിച്ചു കളയുക. മറിച്ച് നിന്റെ അടുത്ത് എനിക്ക് അന്തസ്സും ബഹുമാനവും ഉണ്ടെങ്കിൽ, ഈ മൂന്നുപേരെയും നീ അപമാനിതരും അപഹാസ്യരുമാക്കി എന്നതിന്റെ അടയാളം കാണിക്കുക. ആമീൻ.' ഇതായിരുന്നു ഞാൻ നടത്തിയ പ്രാർഥന. ഇതിന് മറുപടിയായി, 'പീഡകനെ ഞാൻ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യും. അവൻ സ്വന്തം കൈ വെട്ടും' എന്ന് ഇൽഹാം അവതരിച്ചു.

**പുലരാത്ത പ്രവചനങ്ങൾ നടത്താനും കൂടുതൽ നിന്ദ്യനാവാനും വേണ്ടിയാവാം ‘എന്നെ കാലാവധിക്കുള്ളിൽ മരിപ്പിക്കേണമേ’ എന്ന പ്രാർഥനയും ഫലിച്ചില്ല. 1908 മേയ് 26ന് ഖാദിയാനീ പ്രവാചകൻ കോളറ ബാധിച്ച് മരിച്ചപ്പോൾ, ഇശാഅതുസ്സുന്നയിൽ ചരമക്കുറിപ്പ് എഴുതാൻ മുഹമ്മദ് ഹുസൈൻ ബട്ടാലവി ജീവിച്ചിരിപ്പുണ്ടായിരുന്നു. പിന്നെയും വർഷങ്ങൾ കഴിഞ്ഞ്, 1920 ജനുവരി 29നാണ് മൗലവി ദിവംഗതനായത്.**

‘കൈ വെട്ടുക’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അക്രമി നിയമ വിരുദ്ധമായ എഴുത്തിന് ഉപയോഗിച്ച കൈകൾ സ്വയം ദുഃഖത്തിന് നിമിത്തമാവുകയും ഈ കൈകൾ എന്തിന് ഇത് ചെയ്തു എന്ന് ഖേദിക്കുകയും ചെയ്യും എന്നാണ്”(പേജ് 269-270).

“തുടർന്ന് അറബിയിൽ 13 സൂക്തങ്ങളുള്ള വഹ്യ് അവതരിച്ചു. അതിന്റെ ആശയം ഇപ്രകാരമായിരുന്നു: ‘ഈ രണ്ടു കക്ഷികളും, അതായത് വിനീതനും മറ്റു മൂന്നു പേരും രണ്ടു പക്ഷത്തായി അല്ലാഹുവിന്റെ വിധിക്ക് കീഴിലാണ് നിൽക്കുന്നത്. കളവ് പറയുന്നവർ നിന്ദിക്കപ്പെടും. ഇൽഹാമനുസരിച്ചുള്ള ഈ ദിവ്യവിധി നിഷേധികൾക്ക് അടയാളമായിരിക്കും. സത്യവാനെ നിന്ദിക്കാനായി കള്ളം ചമയ്ക്കുന്നവർ അല്ലാഹുവിനാൽ നിന്ദിക്കപ്പെടും. അതോടെ സന്മാർഗത്തിലേക്കുള്ള പാത തുറക്കും... 15.12.1898 മുതൽ പതിമൂന്ന് മാസത്തെ അവധിയുണ്ട്. 14.12.1899 വരെ പശ്ചാത്താപത്തിന്റെയും തിരിച്ചുവരവിന്റെയും കാലാവധിയാണ്”(പേജ് 271).

**കോടതിയിൽ**

തന്റെ പ്രവചനം പുലരാൻ വേണ്ട ചില കൈക്രിയകളൊക്കെ മിർസാ ഖാദിയാനി ചെയ്തിരുന്നു. ‘പഠിപ്പിച്ചുവിട്ട പാമ്പും’ ‘ആയുധധാരികളായ മലക്കുകളും’ ഓർമയിലുണ്ടല്ലോ. ഈയാവശ്യാർഥം കലാപരഹിതമായ മാർഗങ്ങൾ സ്വീകരിക്കാമെന്നാണ് അദ്ദേഹത്തിന്റെ മതം. മിർസായുടെ മരണ പ്രവചനങ്ങൾക്ക് പാത്രമാവുന്നവർ അസ്വസ്ഥരാവുക സ്വഭാവികമാണ്. പണ്ഡിറ്റ് ലേഖ്റാമിന്റെ കാര്യത്തിലാവട്ടെ മിർസായുടെ തന്ത്രം ഫലിച്ചതുമാണ്. ബട്ടാലവി ആയുധം കൈവശം വെക്കാനുള്ള അനുവാദത്തിനും പോലീസ് സംരക്ഷണത്തിനും വേണ്ടി ഗുർദാസ്പൂർ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു. ജില്ലാമജിസ്ട്രേറ്റ് ജെ.എം. ഡോവി സാഹെബ് ബഹാദൂർ, മിർസാക്ക് ഷോകോസ് നോട്ടീസയച്ചു. തന്റെ പ്രവചനം കൊല്ലാനുള്ളതല്ലെന്നും നിന്ദ്യമായി മരണപ്പെടുമെന്നാണെന്നും അദ്ദേഹം ബോധിപ്പിച്ചു.

എന്നാൽ, ‘മറ്റുള്ളവർ മരിക്കുമെന്ന തരത്തിലുള്ള പ്രവചനങ്ങൾ മേലിൽ പ്രസിദ്ധീകരിക്കുകയില്ല, മൗലവിയെ കള്ളനെന്നും ബത്വാലവിയെന്നും വിളിക്കില്ല’ എന്ന് കോടതി മിർസായോട് കരാർ ഒപ്പിട്ടു വാങ്ങി. മിർസായെ കാഫിറെന്നും ദജ്ജാലെന്നും കാദിയാനിയെന്നും പറയരുതെന്ന് ബട്ടാലവിക്കും നിർദേശം നൽകി.

ബട്ടാല സ്വദേശിയായ മൗലവി മുഹമ്മദ് ഹുസൈനെ ഖാദിയാനി കൃതികളിൽ നിരവധി തവണ ‘ബത്വാലവി’ എന്ന് വിളിച്ചതായി കാണാൻ കഴിയും; കുട്ടികൾ വഴക്കിടുമ്പോൾ പരസ്പരം വിളിക്കുന്നത് പോലെ!

പ്രവചന കാലാവധി കഴിഞ്ഞു. മൗലവി ബട്ടാലവിയും കൂട്ടുകാരും മരിച്ചില്ല. ഖാദിയാനി പതിവുപോലെ ചില ന്യായങ്ങൾ നിരത്തി. 17.12.1899 ന് ചെയ്ത പരസ്യത്തിൽ സുദീർഘമായി ഉപന്യസിക്കുന്നു:

“എന്നെ കാഫിറെന്നും കള്ളവാദിയെന്നും ദജ്ജാലെന്നും പറയില്ലെന്ന് ബട്ടാലവി സാഹിബ് ജില്ലാ മജിസ്ട്രേറ്റ് ഡോവിയുടെ മുമ്പാകെ സത്യം ചെയ്തു. അതോടെ നബി തിരുമേനിയുടെ അധ്യാപനമനുസരിച്ച്, എനിക്കെതിരേ പ്രഖ്യാപിച്ച ‘കുഫ്റ് ഫത്വ’ ഏറ്റുവാങ്ങി സ്വയം കാഫിറായി നിന്ദ്യനായിത്തീർന്നു അദ്ദേഹം. എന്റെ പ്രവചനത്തിന്റെ വിവക്ഷ ഈ നിന്ദ്യതയായിരുന്നു” (മജ്മൂഎ ഇശ്തിഹാറാത്, വാല്യം 3, പേജ് 199-200).

പിൽക്കാലത്ത് വീണ്ടും, പുലരാത്ത പ്രവചനങ്ങൾ നടത്താനും കൂടുതൽ നിന്ദ്യനാവാനും വേണ്ടിയാവാം ‘എന്നെ കാലാവധിക്കുള്ളിൽ മരിപ്പിക്കേണമേ’ എന്ന പ്രാർഥനയും ഫലിച്ചില്ല. 1908 മേയ് 26ന് ഖാദിയാനീ പ്രവാചകൻ കോളറ ബാധിച്ച് മരിച്ചപ്പോൾ, ഇശാഅതുസ്സുന്നയിൽ ചരമക്കുറിപ്പ് എഴുതാൻ മുഹമ്മദ് ഹുസൈൻ ബട്ടാലവി ജീവിച്ചിരിപ്പുണ്ടായിരുന്നു. പിന്നെയും വർഷങ്ങൾ കഴിഞ്ഞ്, 1920 ജനുവരി 29നാണ് മൗലവി ദിവംഗതനായത്.

മൗലവിയുടെ മരണം റിപ്പോർട്ട് ചെയ്ത ഖാദിയാനീ മുഖപത്രം അൽഹകം എഴുതി: “മസീഹിന്റെ ഇൽഹാമീ പ്രവചനമനുസരിച്ച് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി നിന്ദ്യനായി മരണപ്പെട്ടിരിക്കുന്നു. മസീഹ് പ്രവചിച്ചു: ‘ഒരാളുടെ മരണത്തെപ്പറ്റി അല്ലാഹു വഹ്യ് അറിയിച്ചിരിക്കുന്നു: കൽബ് യമൂതു അലാ കൽബ്.’ ഒരു നായയുടെ (കൽബിന്റെ) തഹജ്ജീ എണ്ണമനുസരിച്ച് 52ാം വയസ്സിലേക്ക് പ്രവേശിക്കുന്നതോടെ മരണപ്പെടും. അവന്റെ പ്രായം ഒരിക്കലും 52ൽ കവിയില്ല. അപകാരം മുഹമ്മദ് ഹുസൈൻ 52ാം വയസ്സിൽത്തന്നെ മരിച്ചു” (13.2.1920). കൃത്യമായി അവധിവെച്ച് പേരെടുത്തു പറഞ്ഞ പ്രവചനം ബട്ടാലവിയെപ്പറ്റിയായിരുന്നില്ലെന്നാണ് ഈ പുതിയ വൃത്താന്തം വായിച്ചാൽ തോന്നുക.

*(തുടരും)*

കവർ സ്റ്റോറി

# ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു?

**ഷാഹുൽ പാലക്കാട്**
:97478 90521

**'ശരിയിലേക്ക് നയിക്കുന്ന കാര്യങ്ങളാണ് തെളിവുകൾ' എന്ന സർവാംഗീകൃത നിർവചനത്തിന്റെ പശ്ചാത്തലത്തിൽ ദൈവനിഷേധത്തിന് കച്ചകെട്ടിയ നിരീശ്വരവാദികൾ 'ദൈവമില്ലെന്നല്ല ദൈവത്തിന് തെളിവില്ല' എന്ന വാദത്തിലേക്ക് പരിമിതപ്പെട്ടിരിക്കുകയാണ്. എവിഡൻസും പ്രൂഫും മാത്രമല്ല നിലനിൽക്കുന്ന ഫിലോസഫിക്കൽ അപ്രോച്ച് വരെ 'ദൈവമുണ്ട്' എന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത് എന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു.**

നാസ്തികത ദൈവം ഇല്ലെന്ന വാദമല്ല, മറിച്ച് ദൈവത്തിനു തെളിവില്ല എന്ന വാദം മാത്രമാണ് എന്നു പറയുന്നതിലേക്ക് ഡോക്കിൻസ് അടക്കമുള്ള നിരീശ്വരവാദ ബുദ്ധിജീവികൾ പരിമിതപ്പെട്ടിട്ടുണ്ട്. പക്ഷേ, എന്താണ് EVIDENCE (തെളിവ്) എന്നതിനെ സംബന്ധിച്ച സാമാന്യധാരണയില്ലായ്മയാണ് ഈ വിഷയത്തിൽ ഡോക്കിൻസ് മുതൽ കേരളീയ നാസ്തികർവരെയുള്ളവർ പ്രകടിപ്പിക്കുന്ന പ്രധാന പരിമിതി. ദൈവമുണ്ടെന്ന വാദത്തിന് മാത്രമാണ് തെളിവുകളുള്ളത് എന്നും നാസ്തികത തെളിവുകൾക്ക് അന്യമാണെന്നുമുള്ളതാണ് യാഥാർഥ്യം. എന്താണ് തെളിവുകളെന്നത് സൂക്ഷ്മ പരിശോധനക്ക് എടുക്കേണ്ടതുണ്ട്.

Evidence is the available body of facts or information indicating whether a belief or proposition is true or valid. (ഒരു തിയറിയോ വിശ്വാസമോ ശരിയാണ് എന്നതിലേക്ക് നയിക്കുന്ന വസ്തുതകളും വിവരങ്ങളും ആണ് തെളിവുകൾ-evidences).

Oxford dictionary കൊടുത്തിട്ടുള്ള നിർവചനം ഇതാണ്: "evidence is objects that make you believe that something is true" (ഒരു കാര്യം ശരിയാണെന്ന വിശ്വാസത്തിലേക്ക് നിങ്ങളെ നയിക്കുന്ന കാര്യങ്ങളാണ് തെളിവുകൾ).

കേംബ്രിഡ്ജ് ഡിക്ഷണറിയിലും സമാന നിർവചനം കാണാം: 'evidence means one or more reasons for believing that something is or is not true."



ഉദാ: ഒരു ബാങ്ക് കൊള്ള നടന്നുവെന്ന് കരുതുക. A എന്ന ആളാണ് കൊള്ള നടത്തിയത് എന്ന് ഒരു വിഭാഗം വാദിക്കുന്നു. B എന്ന ആളാണ് കൊള്ള നടത്തിയതെന്ന് മറ്റൊരു വിഭാഗവും. ഇത് രണ്ടും രണ്ട് propositions അഥവാ തിയറികളാണ്. ഇനി, സംഭവം നടന്ന സമയത്ത് B സംഭവസ്ഥലത്ത് ഉണ്ടായിരുന്നു എന്ന വിവരം ലഭിക്കുന്നുവെന്ന് കരുതുക. ഇത് Bയാണ് കൊള്ളനടത്തിയത് എന്ന തിയറിയെ പിന്താങ്ങുന്ന EVIDENCE ആണ്. എന്നാൽ അതുകൊണ്ട് മാത്രം ആ കുറ്റക്കാരനാകുന്നില്ല. പിന്നീട് സംഭവത്തിന്റെ ദൃക്സാക്ഷി ആരാണ് പ്രതിയെന്ന് പറയുന്നു, സംഭവസ്ഥലത്തുനിന്നും Bയുടെ വിരലടയാളം ലഭിക്കുന്നു. മോഷ്ടിക്കപ്പെട്ട തുക Bയുടെ വീട്ടിൽനിന്നും കണ്ടെടുക്കുന്നു. ഇത്രയും കാര്യങ്ങൾ ഓരോന്നും Bയാണ് കൊള്ളനടത്തിയത് എന്ന തിയറിയെ അനുകൂലിക്കുന്നവയാണ്. ഇവിടെ ഉപയോഗിക്കുന്ന യുക്തിയെ ഒരു ലോജിക്കൽ നിയമമാക്കി എഴുതിയാൽ ഇങ്ങനെ വായിക്കാം: 'ഒരു തിയറി അനുസരിച്ച് പ്രതീക്ഷിതമായ (expected) കാര്യങ്ങൾ സംഭവിക്കുന്നുവെങ്കിൽ അത് ആ തിയറിക്കുള്ള evidence ആണ്.' ഈ നിയമത്തെ principle of predictability എന്ന് വിളിക്കാം. മുകളിൽ പറഞ്ഞ കേസിൽ Bയാണ് കൊള്ളനടത്തിയത് എങ്കിൽ കാണേണ്ട വസ്തുതകളാണ് വിരലടയാളവും ദൃക് സാക്ഷിയും കാശുമെല്ലാം. അപ്പോൾ Bയാണ് കൊള്ളനടത്തിയതെന്ന ആ തിയറിയനുസരിച്ച് പ്രതീക്ഷിക്കേണ്ട വിവരങ്ങൾതന്നെ ലഭിക്കുന്നു എന്നതിന്റെ അർഥം B തന്നെ പ്രതിയെന്നാണ്.

ഇനി എന്താണ് proof എന്നതുകൂടി നോക്കാം. സാധാരണ സംസാരത്തിൽ proof എന്നും evidence എന്നും ഒരേ അർഥത്തിൽ നാം മാറ്റി ഉപയോഗിക്കാറുണ്ടെങ്കിലും രണ്ടും ഒന്നല്ല. പ്രൂഫ് എന്നത് evidenceകളുടെ കളക്ഷൻ ആണെന്ന് പറയാം. (proof means the cogency of evidence that compels acceptance by the mind of a truth or a fact) 'ഒരു കാര്യം സത്യമാണെന്ന് മനുഷ്യ മനസ്സിനെ വിശ്വസിപ്പിക്കാൻ പ്രാപ്തമാക്കുന്ന evidenceകളുടെ കൂട്ടമാണ് പ്രൂഫ്.'

അതുപോലെ തന്നെ evidence 'ഒരു കാര്യം സത്യമാകാം' എന്നാണ് പറയുന്നതെങ്കിൽ ഒരു കാര്യം സത്യമാണ് എന്ന് ഉറപ്പിക്കുന്നതാണ്

**നാസ്തികത ദൈവം ഇല്ലെന്ന വാദമല്ല, മറിച്ച് ദൈവത്തിനു തെളിവില്ല എന്ന വാദം മാത്രമാണ് എന്നു പറയുന്നതിലേക്ക് ഡോക്കിൻസ് അടക്കമുള്ള നിരീശ്വരവാദ ബുദ്ധിജീവികൾ പരിമിതപ്പെട്ടിട്ടുണ്ട്. പക്ഷേ, എന്താണ് EVIDENCE (തെളിവ്) എന്നതിനെ സംബന്ധിച്ച സാമാന്യ ധാരണയില്ലായ്മയാണ് ഈ വിഷയത്തിൽ ഡോക്കിൻസ് മുതൽ കേരളീയ നാസ്തികർവരെയുള്ളവർ പ്രകടിപ്പിക്കുന്ന പ്രധാന പരിമിതി. ദൈവമുണ്ടെന്ന വാദത്തിന് മാത്രമാണ് തെളിവുകളുള്ളത് എന്നും നാസ്തികത തെളിവുകൾക്ക് അന്യമാണെന്നുമുള്ളതാണ് യാഥാർഥ്യം.**

പ്രൂഫ്. ഇതിൽനിന്നും മറ്റൊരു ലോജിക്കൽ principle കൂടി നിർധരിച്ചെടുക്കാം. 'ഒരു തിയറിയനുസരിച്ച് expected ആയ കാര്യങ്ങളുടെ ശൃംഖലയാണ് പ്രൂഫ്. evidenceകളുടെ എണ്ണത്തിനും നിലവാരത്തിനും അനുസരിച്ച് പ്രൂഫ് ശക്തിപ്പെടുന്നു. ഇതിനെ principle of evidential proof എന്ന് വിളിക്കാം.

ഒരു ഉദാഹരണത്തിൽനിന്നും മറ്റൊരു ലോജിക്കൽ principle കൂടി നിർമിക്കാം. മൂന്ന് വ്യത്യസ്ത കൊലപാതകങ്ങൾ നടന്നുവെന്ന് കരുതുക. മൂന്നും ഒരേ സ്വഭാവത്തിൽ ഒരേ ആയുധം ഉപയോഗിച്ച്. അന്വേഷണത്തിൽ മൂന്നും നടത്തിയത് ഒരാളാണെന്ന് മനസ്സിലാക്കുന്നു. കൊലപാതകം നടന്ന സ്ഥലത്ത് നിന്നും X എന്ന വ്യക്തിയുടെ വിരലടയാളം, ബൂട്ടിന്റെ അടയാളം, വാഹനത്തിന്റെ സിസിടിവി ദൃശ്യം എന്നിവ ലഭിക്കുന്നു. കൊലചെയ്യാൻ ഉപയോഗിച്ച കത്തിക്ക് സമാനമായത് ഈ വ്യക്തിയുടെ കയ്യിൽ നിന്നും കണ്ടെടുക്കുന്നു. കൊലപാതകസമയത്ത് ഈ വ്യക്തി സംഭവസ്ഥലത്ത് ഉണ്ടായിരുന്നു എന്നും, കൊലചെയ്യപ്പെട്ട വ്യക്തികളുമായി മുൻവൈരാഗ്യം ഉണ്ടായിരുന്നു എന്നും അറിയുന്നു. Xന് സമാനമായ താടിയുള്ള വ്യക്തിയാണ് കൊലപാതകി എന്ന് ദൃക്സാക്ഷി പറയുന്നു. മഞ്ഞ ടീ ഷർട്ടും പച്ച പേന്റ്സും ധരിച്ച വ്യക്തിയാണ് കൊലചെയ്തത് എന്നറിയുന്നു, Xൽ നിന്നും അങ്ങനെ ഒരു ജോഡി ഡ്രസ്സും ലഭിക്കുന്നു.

ഇത്രമതി X തന്നെയാണ് കൊലപാതകി എന്ന് മനസ്സിലാക്കാൻ. എന്നാൽ ഇതിലെ ഓരോ evidenceനെയും Xന് നിഷേധിക്കാം. സംഭവസ്ഥലത്തെ വിരലടയാളം മുൻപ് അവിടെ പോയതുകൊണ്ട് കാണപ്പെടുന്നതാണെന്ന് പറയാം, മുൻവൈരാഗ്യമുണ്ട് എന്നതുകൊണ്ട് കൊന്നത് താൻതന്നെയെന്ന് ഉറപ്പിക്കാൻ ആകില്ലല്ലോ എന്ന് വാദിക്കാം. സംഭവസ്ഥലത്ത് ആ സമയത്തുതന്നെ പോയത് യാദൃച്ഛികമായി മാത്രം സംഭവിച്ചതാണെന്ന് പറയാം. കൊലപാതകിയുടെയും തന്റെയും വാഹനങ്ങളും ബൂട്ടും ഒരുപോലെയായതുകൊണ്ട് തന്നെ കൊലപാതകിയായി സംശയിക്കുകയാണെന്ന് വാദിക്കാം. ഒരേ മോഡലിൽ ഒരുപാട് കത്തികൾ ഉണ്ട്. അതിൽ ഒന്ന് താൻ വാങ്ങിയതും അതുപോലെ ഒന്നുകൊണ്ട് കൊലപാതകം നടന്നതും വെറും യാദൃച്ഛികത മാത്രമാണ് എന്നും പറയാം. തന്നെ പോലെ തന്നെ താടിയുള്ള ഒരുപാട് പേര് ഈ നാട്ടിൽ വേറെയുമുണ്ട്, ദൃക്സാക്ഷിക്ക് ആള് തെറ്റിയതാണ് എന്ന് പറയാം. ഒരുപോലെയുള്ള വസ്ത്രം കണ്ടുകിട്ടിയതുകൊണ്ട് താനാണ് കൊലപാതകി എന്ന് വാദിക്കുന്നതിൽ എന്താണ് അർഥം എന്ന് ചോദിക്കാം.

**EVIDENCEകളുടെ കളക്ഷൻ ഒരു ഗണിത സത്യത്തിന്റെ അത്രയും ആധികാരികതയും വിശ്വാസയോഗ്യതയുമുള്ള ഒരവസ്ഥയിൽ എത്തുന്നു എന്നതാണ് പ്രധാനവാദം. ഒരേ ക്രമത്തിൽ കാര്യങ്ങൾ സംഭവിക്കാൻ എപ്പോഴും കുറഞ്ഞ സാധ്യതയാണ് ഉള്ളത്. പത്തു കടലാസുതുണ്ടുകളിൽ ഓരോന്നിലും ഒന്നു മുതൽ പത്തുവരെയുള്ള ക്രമത്തിൽ അവ എടുക്കുവാനുള്ള സാധ്യത എത്രത്തോളമാണെന്ന് പരിശോധിച്ചാൽ ഈ സിദ്ധാന്തം എളുപ്പം മനസ്സിലാകും. ആദ്യം ഒന്ന് കിട്ടാനുള്ള സാധ്യത പത്തിലൊന്നാണ്. ഒന്നും രണ്ടും ക്രമത്തില് കിട്ടാനുള്ള സാധ്യത നൂറിലൊന്നും, ഒന്നും രണ്ടും മൂന്നും ക്രമത്തിലാവാനുള്ള സാധ്യത ആയിരത്തിലൊന്നുമാണ്. ഇങ്ങനെ നോക്കിയാൽ ഒന്നു മുതൽ പത്തുവരെയുള്ള സംഖ്യകൾ ക്രമത്തിൽ കിട്ടാനുള്ള സാധ്യത ആയിരം കോടിയിൽ ഒന്നുമാണെന്നു കാണാനാവും.**

എന്നാൽ ഇത്രയേറെ യാദൃച്ഛികതകൾ ഒരിക്കലും ഒരേ ഓർഡറിൽ സംഭവിക്കില്ല എന്നതാണ് പ്രശ്നം. ഇവിടെ X പ്രതിയായാൽ കാണേണ്ട വിവരങ്ങളുടെ ശൃംഖലയാണ് മുകളിലെ ഓർഡർ. ഒരു ഓർഡറിൽ ഒരു പരിധിയിലധികം കാര്യങ്ങൾ യാദൃച്ഛികമായി സംഭവിക്കില്ല. പതിനായിരംവട്ടം ഒരു കോയിൻ ടോസ് ചെയ്തപ്പോൾ പതിനായിരം തവണയും HEAD തന്നെ കിട്ടി എന്നു പറഞ്ഞാൽ അത് യാദൃച്ഛികമല്ല എന്നും HEAD തന്നെ കിട്ടാൻ രൂപത്തിൽ ഒരു റീസൺ അവിടെ പ്രവർത്തിച്ചിട്ടുണ്ട് എന്നും നാം തീർപ്പാക്കും. എന്നതുപോലെ X കൊലപാതകിയാണെങ്കിൽ പ്രതീക്ഷിക്കാവുന്ന ഡാറ്റകൾ തന്നെ ഒന്നിലധികം ലഭിക്കുന്നു



വെങ്കിൽ അതിനർഥം X തന്നെയാണ് കൊലപാതകി എന്നാണ്. യാദൃച്ഛികമായി ഒരേ ഓർഡറിൽ കാര്യങ്ങൾ സംഭവിക്കുന്നില്ല എന്ന ഈ തിയറിയെ principle of order എന്നു വിളിക്കാം. നമ്മുടെ ശാസ്ത്രീയാന്വേഷണങ്ങളും കുറ്റാന്വേഷണ രീതിയും നീതിന്യായ വ്യവസ്ഥയുമെല്ലാം ഈ ലോജിക്കുകളെ അംഗീകരിച്ചാണ് പ്രവർത്തിക്കുന്നത്.

ഈ ലോജിക്കൽ principles അടിസ്ഥാനമാക്കി ദൈവാസ്തിത്വവും ഇസ്‌ലാമും prove ചെയ്യാവുന്നതാണ്. ഇവിടെ THEISM/ഇസ്‌ലാം തുടങ്ങിയ ലോക വീക്ഷണങ്ങൾക്കനുസരിച്ച് Expected ആയ കാര്യങ്ങളാണ് evidences. evidence ഒന്നിനെ e1, evidence രണ്ടിനെ e2 എന്നിങ്ങനെയാണ് നാം ഇനിയുള്ള ചർച്ചകളിൽ അടയാളപ്പെടുത്തുന്നത്.

അപ്പോൾ e1×e2×e3×e4×e5... എന്നിങ്ങനെ ഈ തെളിവുകളെ വിലയിരുത്തിയാൽ അവയെ മൊത്തം conjunction of evidences എന്നും ചുരുക്കി CE എന്നും വിളിക്കാം. EVIDENCEകളുടെ കളക്ഷൻ ഒരു ഗണിത സത്യത്തിന്റെ അത്രയും ആധികാരികതയും വിശ്വാസയോഗ്യതയുമുള്ള ഒരവസ്ഥയിൽ എത്തുന്നു എന്നതാണ് ഇവിടെ ഞാൻ ഉദ്ദേശിക്കുന്ന പ്രധാനവാദം. ഒരേ ക്രമത്തിൽ കാര്യങ്ങൾ സംഭവിക്കാൻ എപ്പോഴും കുറഞ്ഞ സാധ്യതയാണ് ഉള്ളത്. പത്തു കടലാസുതുണ്ടുകളിൽ ഓരോന്നിലും ഒന്നു മുതൽ പത്തുവരെയുള്ള ക്രമത്തിൽ അവ എടുക്കുവാനുള്ള സാധ്യത എത്രത്തോളമാണെന്ന് പരിശോധിച്ചാൽ ഈ സിദ്ധാന്തം എളുപ്പം മനസ്സിലാകും. ആദ്യം ഒന്ന് കിട്ടാനുള്ള സാധ്യത പത്തിലൊന്നാണ്. ഒന്നും രണ്ടും ക്രമത്തില് കിട്ടാനുള്ള സാധ്യത നൂറിലൊന്നും, ഒന്നും രണ്ടും മൂന്നും ക്രമത്തിലാവാനുള്ള സാധ്യത ആയിരത്തിലൊന്നുമാണ്. ഇങ്ങനെ നോക്കിയാൽ ഒന്നുമുതൽ പത്തുവരെയുള്ള സംഖ്യകൾ ക്രമത്തിൽ കിട്ടാനുള്ള സാധ്യത ആയിരം കോടിയിൽ ഒന്നുമാണെന്നു കാണാനാവും. ഒരാൾ ഒന്നു മുതൽ പത്തുവരെയുള്ള അക്കങ്ങളെഴുതി അവ പുറത്തുകാണാത്ത രൂപത്തിൽ മടക്കി ഒരു ഭരണിയിൽ ഇട്ടശേഷം ഒന്നു മുതൽ പത്തുവരെയുള്ള ക്രമത്തിൽ അവ എടുക്കുവാനുള്ള സാധ്യത എത്രത്തോളമാണെന്ന് പരിശോധിച്ചാൽ ഈ സിദ്ധാന്തം എളുപ്പം മനസ്സിലാകും. ആദ്യം ഒന്ന് കിട്ടാനുള്ള സാധ്യത പത്തിലൊന്നാണ്. ഒന്നും രണ്ടും ക്രമത്തിൽ കിട്ടാനുള്ള സാധ്യത നൂറിലൊന്നും, ഒന്നും രണ്ടും മൂന്നും ക്രമത്തിലാവാനുള്ള സാധ്യത ആയിരത്തിലൊന്നുമാണ്. ഇങ്ങനെ നോക്കിയാൽ ഒന്നു മുതൽ പത്തു വരെയുള്ള സംഖ്യകൾ ക്രമത്തിൽ കിട്ടാനുള്ള സാധ്യത ആയിരം കോടിയിൽ ഒന്നുമാണെന്നു കാണാനാവും. ഒരാൾ ഒന്നുമുതൽ പത്തുവരെയുള്ള സംഖ്യകൾ കൃത്യമായി എടുക്കുകയും തികച്ചും യാദൃച്ഛികമായാണ് തനിക്ക് അത് ലഭിച്ചതെന്നു വാദിക്കുകയും ചെയ്താൽ സാമാന്യബോധമുള്ളവരൊന്നും അത് അംഗീകരിക്കുകയില്ല. യാദൃച്ഛികമായി അങ്ങനെ സംഭവിക്കാനുള്ള സാധ്യത തീരെയില്ലയെന്നാണ് അതിന്റെ സംഭവ്യത ആയിരം കോടിയിൽ ഒന്നു മാത്രമാണെന്ന് പറഞ്ഞാൽ അതിനർഥം. ഒരു കാര്യത്തെ ശരിവയ്ക്കുന്ന ഡാറ്റകൾ യാദൃച്ഛികമായി ഒരു പരിധിയിലധികം സംഭവിക്കില്ല എന്നുകൂടിയാണ് ഇത് തെളിയിക്കുന്നത്. അഥവാ e1×e2×e3×e4×e5×e6... എന്നിങ്ങനെ ഒരേ ക്രമത്തിൽ തെളിവുകൾ സംഭ



**വാസ്തവത്തിൽ ചുറ്റുമുള്ള പ്രപഞ്ചത്തിൽ കാണുന്ന തെളിവുകളുടെ കൂട്ടത്തിലേക്ക്** (conjunction of evidences) **നോക്കൂ എന്നത് ഖുർആൻതന്നെ ആവശ്യപ്പെടുന്ന യുക്തിചിന്താരീതിയാണ്. ''ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച'' (ഖുർആൻ** 2:164**).**

വിക്കുന്നു എങ്കിൽ അതിനർഥം ആ തെളിവുകൾ ചൂണ്ടുന്ന കാര്യങ്ങൾ പൂർണമായും ശരിയാണ് എന്നാകുന്നു. വാസ്തവത്തിൽ ചുറ്റുമുള്ള പ്രപഞ്ചത്തിൽ കാണുന്ന തെളിവുകളുടെ കൂട്ടത്തിലേക്ക് (conjunction of evidences) നോക്കൂ എന്നത് ക്വുർആൻതന്നെ ആവശ്യപ്പെടുന്ന യുക്തിചിന്താരീതിയാണ്.

"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (ക്വുർആൻ 2:164).

ഇനി ദൈവാസ്തിത്വംമുതൽ ഇസ്‌ലാംവരെയുള്ള കാര്യങ്ങൾക്ക് തെളിവുകളും അവ നിഷേധിക്കാനാവാത്ത സത്യതയിൽ എത്തുന്നതും എങ്ങനെയെന്ന് നോക്കാം.

**e1: മഹാവിസ്‌ഫോടന സിദ്ധാന്തം**

ഈ കാണുന്ന പ്രപഞ്ചം 13.8 ബില്യൺ വർഷത്തെ പഴക്കമുള്ളമുള്ളതാണെന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. ഒരു സിംഗുലാരിറ്റി അവസ്ഥയിൽനിന്നും ഉയർന്ന വേഗതയിൽ ആരംഭിച്ച വികാസമാണ് ഇന്നത്തെ പ്രപഞ്ചത്തിന് കാരണമെന്ന് ഈ സിദ്ധാന്തം പറയുന്നു. background റേഡിയേഷനുകളും പ്രപഞ്ചവികാസവും തെർമോ ഡൈനാമിക്സിലെ നിയമങ്ങളുമെല്ലാം ഇതിനെ സാധൂകരിക്കുന്നു.

ഇനി നോക്കുക; ഒരു ദൈവമുള്ള ലോകക്രമത്തിൽ EXPECTED ആയ കാര്യമാണ് ഒരു പ്രത്യേക

**ഒരു ദൈവമുള്ള ലോകക്രമത്തിൽ EXPECTED ആയ കാര്യമാണ് ഒരു പ്രത്യേക നിമിഷത്തിൽ അന്നുവരെ ഇല്ലാത്ത പ്രകൃതവും നിയമങ്ങളും സ്വഭാവവുമുള്ള ലോകം സൃഷ്ടിക്കപ്പെടുകയെന്നത്. എന്നാൽ നിരീശ്വരവാദത്തിൽ അത്തരമൊരു സ്‌പെഷ്യൽ eventന്റെ ആവശ്യമില്ല. അപ്പോൾ ദൈവമുള്ള ലോകക്രമത്തിൽ പ്രതീക്ഷിക്കേണ്ട ഒരു കാര്യം സംഭവിച്ചു എന്നത് principle of evidence അനുസരിച്ച് ദൈവാസ്തിത്വത്തിനുള്ള തെളിവാണ്. മഹാവിസ്‌ഫോടന സിദ്ധാന്തം ദൈവത്തിനുള്ള തെളിവാണ് (evidence).**

നിമിഷത്തിൽ അന്നുവരെ ഇല്ലാത്ത പ്രകൃതവും നിയമങ്ങളും സ്വഭാവവുമുള്ള ലോകം സൃഷ്ടിക്കപ്പെടുകയെന്നത്. എന്നാൽ നിരീശ്വരവാദത്തിൽ അത്തരമൊരു സ്‌പെഷ്യൽ eventന്റെ ആവശ്യമില്ല. അപ്പോൾ ദൈവമുള്ള ലോകക്രമത്തിൽ പ്രതീക്ഷിക്കേണ്ട ഒരു കാര്യം സംഭവിച്ചു എന്നത് മുകളിൽ പറഞ്ഞ principle of evidence അനുസരിച്ച് ദൈവാസ്തിത്വത്തിനുള്ള തെളിവാണ്. മഹാവിസ്‌ഫോടന സിദ്ധാന്തം ദൈവാസ്തിത്വം സ്ഥാപിക്കുന്നതിനുള്ള തെളിവാണ് (evidence).

**e2: ആരംഭകാരണം**

അനന്തമായ (infinite) കാര്യകാരണങ്ങളുടെ ഫലമായി ഒരു വസ്തു ഉണ്ടാകുന്നില്ല എന്ന വീക്ഷണമാണ് causal finitism. (According to CF, causal sequences leading up to any event, state, or substance must be finite). അനന്തമായ നിമിഷങ്ങൾക്ക്/കാരണങ്ങൾക്ക് ശേഷം മറ്റൊന്നിന് സംഭവിക്കാൻ ആവില്ല, കാരണം അനന്തത അവസാനമില്ലാത്തതാണ്. അവസാനമില്ലായ്മയുടെ അവസാനം ഒന്ന് സംഭവിക്കുക സാധ്യമല്ല. ഉദാഹരണത്തിന് അനന്തമായ അത്രയും പൂക്കൾ എണ്ണിത്തീർന്ന ശേഷം ഒരാൾ തന്റെ ഫ്ളവർഷോപ്പ് അടച്ചു എന്നുപറഞ്ഞാൽ അത് സാധ്യമല്ല. കാരണം അവസാനമില്ലാത്ത എണ്ണങ്ങൾ എണ്ണി അവസാനിക്കുക സാധ്യമല്ല. എന്നപോലെ അനന്തമായ കാലങ്ങൾക്കോ, കാര്യകാരണ ശൃംഖലകൾക്കോ ശേഷം പ്രപഞ്ചം ഉണ്ടാവുകയും സാധ്യമല്ല. അപ്പോൾ പ്രപഞ്ചത്തിന് അനാദിയായ ഭൂതകാലമില്ല, ഭൗതിക ലോകത്തിന് തുടക്കമുണ്ട്. ഒരു തുടക്ക കാരണം പ്രപഞ്ചത്തിന് ഉണ്ടെന്നാൽ ഒരു ആദികാരണം ഉണ്ടെന്നാണ് അർഥം.

ഭൗതികലോകത്തെ സൃഷ്ടിച്ച ഒരു ആദികാരണം ഉണ്ടാവുകയെന്നത് ദൈവമുള്ള ലോക വീക്ഷണത്തിൽ (THEISM) പ്രതീക്ഷിക്കാവുന്ന ഡാറ്റയാണ്. ആയതിനാൽ ഇത് theismത്തിനുള്ള തെളിവാണ്. എന്തെങ്കിലും പ്രത്യേകമായ ആദ്യകാരണം പ്രപഞ്ചത്തെ സൃഷ്ടിക്കു



കയെന്നത് നിരീശ്വര വാദത്തിന് പഥ്യമായ നിരീക്ഷണമല്ല.

**e3: അഭൗതികത-അനിവാര്യത**

ബാഹ്യവിശദീകരണം വേണ്ടതായ ഒന്നിനും സ്വയം വിശദീകരിക്കാൻ കഴിയില്ല. ഉദാഹരണത്തിന്, നിങ്ങളുടെ കയ്യിലെ മൊബൈൽമുതൽ പുസ്തകങ്ങളും വീടും അലമാരയും ഗാലക്സിയും നക്ഷത്രങ്ങളുമെല്ലാം ഒരു സമയത്ത് ഇല്ലാതിരുന്നതും പിന്നീട് നിലവിൽ വന്നവയുമാണ്. അങ്ങനെ അവയുണ്ടാകാൻ ബാഹ്യകാരണങ്ങളുമുണ്ട്. ബാഹ്യകാരണം വേണ്ടാത്തവയുടെ ടോട്ടാലിറ്റിയെ നാം സെറ്റ് എന്ന് വിളിക്കുന്നു. അങ്ങനെ ഒരു സെറ്റിനെ അതിന് പുറത്തുള്ളതാണ് വിശദീകരിക്കുക. ഉദാ: സകല മനുഷ്യരും എവിടെനിന്നുമുണ്ടായി എന്ന ചോദ്യത്തിന് ഉത്തരം മറ്റൊരു മനുഷ്യനാകാൻ പാടില്ല. സകല മനുഷ്യരും ആദ്യമേ ആ സെറ്റിൽ ഉൾപ്പെട്ടുകഴിഞ്ഞു. അപ്പോൾ സെറ്റിൽ ഉൾപ്പെടാത്ത കാരണമാണ് ആ സെറ്റിനെ വിശദീകരിക്കുക. സകലമനുഷ്യരും മനുഷ്യനല്ലാത്ത ഒരു പൊതു പൂർവികനിൽനിന്നുമു ണ്ടായി എന്നാണല്ലോ പരിണാമ സിദ്ധാന്തം പറയുന്നത്. അത് മനുഷ്യനല്ലാത്ത കാരണമാണ്. ബഹുകോശ ജീവികൾ ഏകകോശജീവികളിൽ നിന്നും, ജീവൻ ജീവനില്ലാത്തവയിൽനിന്നുമുണ്ടായി എന്നുപറയുമ്പോൾ ഇവിടെയും ഒന്നിന്റെ കാരണം ആ സെറ്റിന് പുറത്താണ്. ബയോളജിയെ വിശദീകരിക്കുന്നത് ബയോളജി എന്ന സെറ്റിന് പുറത്തുള്ള കെമിസ്ട്രിയാണ്. അപ്പോൾ പ്രപഞ്ചത്തെ വിശദീകരിക്കുന്നത് പ്രപഞ്ചത്തിന് പുറത്തായിരിക്കണം. ഭൗതികലോകത്തെ വിശദീകരിക്കുന്നത് അഭൗതിക കാരണമാകണം. contingent ആയവകളെ വിശദീകരിക്കുന്നത് necessary ആകണം.

അഭൗതികമായ, പ്രപഞ്ചാതീതമായ, അനിവാര്യമായ കാരണം പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നത് THEIST (ദൈവമുണ്ടെന്ന ലോക വീക്ഷണം) വീക്ഷണത്തിൽ പ്രതീക്ഷിത (expected) കാര്യമാണ്. അനിവാര്യമായ, അഭൗതികമായ പ്രപഞ്ച സ്രഷ്ടാവ് എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ ദൈവത്തിനുള്ള നിർവചനമാണ്. നിരീശ്വരവാദ വീക്ഷണത്തിൽ അത്തരമൊരു അസ്തിത്വം വൈരുധ്യമാണ്.

**e4: Necessary Being**

അനിവാര്യമായ ഒരു ഹേതു നിലനിൽക്കുകയും ഒരു പ്രത്യേക രൂപത്തിലുള്ള പ്രപഞ്ചത്തെ അത് സ്വയം നിർമിക്കുകയും ചെയ്തുവെന്നാൽ അതിന് സ്വയം ഇച്ഛാശക്തിയും ബോധവും ഉണ്ടെന്നാണ് അർഥം. ഇത് theist വീക്ഷണത്തിൽ ദൈവമാണ്. ഇങ്ങനെയൊരു അസ്തിത്വത്തെ സമ്മതിച്ച് നിരീശ്വരവാദത്തിന് നിലനിൽപില്ല.

> **അനന്തമായ കാലങ്ങൾക്കോ, കാര്യകാരണ ശൃംഖലകൾക്കോ ശേഷം പ്രപഞ്ചം ഉണ്ടാവുകയും സാധ്യമല്ല. അപ്പോൾ പ്രപഞ്ചത്തിന് അനാദിയായ ഭൂതകാലമില്ല, ഭൗതിക ലോകത്തിന് തുടക്കമുണ്ട്. ഒരു തുടക്ക കാരണം പ്രപഞ്ചത്തിന് ഉണ്ടെന്നാൽ ഒരു ആദികാരണം ഉണ്ടെന്നാണ് അർഥം. ഭൗതികലോകത്തെ സൃഷ്ടിച്ച ഒരു ആദികാരണം ഉണ്ടാവുകയെന്നത് ദൈവമുള്ള ലോക വീക്ഷണത്തിൽ (THEISM) പ്രതീക്ഷിക്കാവുന്ന ഡാറ്റയാണ്. ആയതിനാൽ ഇത് theism ത്തിനുള്ള തെളിവാണ്. എന്തെങ്കിലും പ്രത്യേകമായ ആദ്യകാരണം പ്രപഞ്ചത്തെ സൃഷ്ടിക്കുകയെന്നത് നിരീശ്വര വാദത്തിന് പഥ്യമായ നിരീക്ഷണമല്ല.**

**e5: Principle of Sufficient Reason (PDR)**

ഹ്യൂമിനെയും ലോറൻസ് ക്രോസിനെയും ഗ്രഹാം ഓപ്പിയെയും പോലുള്ള ചില നാസ്തിക തത്വചിന്തകരെങ്കിലും പ്രപഞ്ചത്തിന് പുറത്ത് കാര്യ-കാരണ ബന്ധമില്ലാതെ കാര്യങ്ങൾ സംഭവിക്കുക സാധ്യമാണ് എന്ന് പറഞ്ഞവരാണ്. അഥവാ PSR ഒരു അടിസ്ഥാന തത്വമല്ല, മറിച്ച് സ്ഥൂല പ്രപഞ്ചത്തിൽ കാണപ്പെടുന്ന അവസ്ഥ മാത്രമാണ് എന്നാണ് ഇവരുടെ പക്ഷം.

ഇതിൽനിന്നും ഇങ്ങനെ ഒരു വാദം മുന്നോട്ടു വയ്ക്കാം:

1) കാര്യകാരണ ബന്ധത്താൽ പ്രവർത്തിക്കാത്ത ലോകം ക്രമരഹിതവും വിരസവും ആയിരിക്കും. എന്തും ഒരു കാരണമില്ലാതെ സംഭവിക്കാം. പ്രത്യക്ഷമോ, അപ്രത്യക്ഷമോ ആകാം. അരാജകത്വമുള്ള (chaotic) ലോകം ആയിരിക്കുമത്. productive ആയി ഒന്നും അവിടെ ഉണ്ടാകുന്നില്ല.
2) Chaotic ആയ ലോകത്തുനിന്നും പകരം ക്രമമുള്ള, റീസൺ അനുസരിച്ച് കാര്യങ്ങൾ സംഭവിക്കുന്ന, productive ആയ ലോകമുണ്ടായി.
3) ക്രമരാഹിത്യത്തിൽനിന്നും ക്രമത്തെ സൃഷ്ടിക്കാൻ ബുദ്ധിശക്തിയുള്ള ഒരു അസ്തിത്വമുണ്ടാകണം. ഉദാ: ഒരു കാറിന്റെ ഭാഗങ്ങളെല്ലാം പൊളിച്ചിട്ടിരിക്കുന്ന ചവറുകൂനയിലേക്ക് പതിനായിരം തവണ കാറ്റ് വീശിയാലും പഴയരൂപത്തിലേക്ക് കാറിനെയാക്കാൻ അതിനാവില്ല. എന്നാൽ ബുദ്ധിശക്തിയുള്ള ഒരു ഉണ്മയെക്കൊണ്ട് പഴയപോലെ കാറിനെ സംവിധാനിക്കാൻ കഴിയും.
4) ക്രമരാഹിത്യത്തിന് പകരം ക്രമത്തെ സൃഷ്ടിച്ച ഉണ്മ ഉണ്ടാകുന്നത് theist വീക്ഷണത്തിൽ പ്രതീക്ഷിതമാണ്. നാസ്തിക വീക്ഷണത്തിൽ അത്തരമൊരു അസ്തിത്വം expected അല്ല.

> **കൃത്യമായ ചില നിയമങ്ങളെ, ചില മേഖലകളിലേക്ക് തന്നെ നിയമിക്കുകയും, അവ പരസ്പര പൂരകമായി പ്രവർത്തിക്കുകയും, അവയാൽ ഈ മനോഹര ലോകം നിർമിക്കപ്പെടുകയും അവ കൂടുതൽ സങ്കീർണമായ ജീവലോകത്തിന് നിദാനമാവുകയും ചെയ്യുന്നത് നമുക്കിവിടെ കാണാൻ കഴിയുന്നു. കേവല ഭൗതിക പ്രതിഭാസങ്ങളിൽ മാത്രം വിശ്വസിക്കുന്നവർക്ക് ഇതെങ്ങനെയാണ് വിശദീകരിക്കാനാവുക? എന്തിനു വേണ്ടി ഈ സങ്കീർണ നിയമങ്ങൾ കൃത്യമായി സംവിധാനിക്കപ്പെടണം? പല നിയമങ്ങളുടെ മൂല്യം ഒരു പ്രത്യേക രൂപത്തിൽ നിയന്ത്രിക്കപ്പെട്ട് അവ ചേർന്ന് പ്രവർത്തിച്ച് പ്രപഞ്ചം പോലൊരു മഹാസംവിധാനം കേവലം യാദൃച്ഛികമായി വെറുതെ ഉണ്ടായിയെന്ന വാദം സത്യസന്ധതയുള്ള ഏതൊരു മനുഷ്യനും ദഹിക്കുമെന്ന് തോന്നുന്നില്ല. ചവറുകൂനയിൽനിന്നും യാദൃച്ഛികമായി വിമാനമുണ്ടായി എന്ന് വിശ്വസിക്കുന്നത് പോലെയാണത്**

**e6: പ്രപഞ്ച നിയമങ്ങൾ**

ഗുരുത്വബലം, ഇലക്ട്രോ മാഗ്നറ്റിക് ഫോഴ്സ്, സ്ട്രോങ്ങ്/വീക്ക് ന്യൂക്ലിയർ ഫോഴ്സസ് എന്നിങ്ങനെ നാല് അടിസ്ഥാന ഭൗതിക നിയമങ്ങളും മൗലിക ബലങ്ങളും തമ്മിൽ ഉൾചേർച്ചയോടെ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് പ്രപഞ്ചം. ഒരു ഉദ്ദേശ്യത്തിൽ ഒന്നിനെ പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യമാണ് നിയമങ്ങൾക്കും ബലങ്ങൾക്കും ഉള്ളത്. ഉദാ: ഗ്രാവിറ്റി വസ്തുക്കളെ ചേർത്ത് നിർത്തുന്നു. അതില്ലെങ്കിൽ ഒന്നും മറ്റൊന്നിനോട് ചേരാതെ വിരസമായ ലോകം ആകുമായിരുന്നു. ഗ്രഹങ്ങളോ നക്ഷത്രങ്ങളോ ഗാലക്സികളോ ഉണ്ടാവില്ലായിരുന്നു. സ്ട്രോങ്ങ് ന്യൂക്ലിയർ ബലം പ്രോടോൺ കണികകളെ ആറ്റം ന്യൂക്ലിയസിനകത്ത് ചേർത്ത് നിർത്തുന്നു. അവ ആ ധർമം നിറവേറ്റുന്നതുകൊണ്ടാണ് ആറ്റങ്ങളാൽ നിർമിതമായ ഈ സ്ഥൂലലോകമുള്ളത്. ചുരുക്കത്തിൽ, ഒരു പ്രത്യേക ലക്ഷ്യത്തിൽ പദാർഥത്തെ സംഘടിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ ഭൗതിക നിയമങ്ങൾ ചെയ്യുന്നത്.

1) theism അനുസരിച്ച് ഒരു പ്രത്യേക ലക്ഷ്യത്തിലാണ് ലോകം പ്രവർത്തിക്കുക. കാരണം ദൈവം ഒരു ഉദ്ദേശ്യത്തിൽ ലോകത്തെ സൃഷ്ടിക്കുന്നു എന്നതാണ് അതിന്റെ വീക്ഷണം.
2) നിരീശ്വര വാദമനുസരിച്ച് ക്രമമോ ഉദ്ദേശ്യലക്ഷ്യങ്ങളോ പാലിക്കുന്ന ലോകം ഉണ്ടാകുന്നതിൽ അർഥമില്ല.
3) നിയമങ്ങളും ക്രമവുമുള്ള, ഉദ്ദേശ്യസ്വഭാവമുള്ള പ്രപഞ്ചം ദൈവമുള്ള ലോകവീക്ഷണത്തിൽ expected ആണ്. ആയതിനാൽ പ്രപഞ്ചനിയമങ്ങൾ ദൈവമുണ്ട് എന്നതിന് തെളിവാണ്

**e7: പരസ്പര പൂരകത്വം**

പരസ്പരപൂരകമായി വർത്തിക്കുന്ന ഏതിനും ഇന്റലിജൻസ് അനിവാര്യമാണ് എന്ന് നാം കാണുന്നു. പൂട്ടിന് അനുസരിച്ച് അതിനെ തുറക്കാനുള്ള താക്കോൽ ഉണ്ടാകണമെങ്കിൽ രണ്ടിനെയും ഒരുപോലെ സംവിധാനിച്ച intelligent ആയ ഒരു അസ്തിത്വം ആവശ്യമാണല്ലോ. ഈ intelligence നാം പ്രകൃതിയിൽ കാണുന്നു. ഉദാഹരണത്തിന് പദാർഥത്തിന്റെ ഡെഫിനിഷൻ നോക്കുക:

Physical substance means which occupies space and possesses rest mass (നിലനിൽക്കാൻ സ്ഥലം ആവശ്യമുള്ളതും ഭാരമുള്ളതുമായവ). അപ്പോൾ പദാർഥത്തിന് നിലനിൽക്കാൻ സ്ഥലം അനിവാര്യമാണ്. ഒന്നിന്റെ ആവശ്യത്തിന് അനുസരിച്ച മറ്റൊന്ന് ഉണ്ടാവുന്നത് ഇന്റലിജൻസിനുള്ള തെളിവാണ്. പ്രോട്ടോണുകൾക്ക് ഇടയിലുള്ള പരസ്പര വികർഷണം ചെറുക്കാൻ സ്ട്രോങ്ങ് ന്യൂക്ലിയർ ഫോഴ്സും വർക്ക് ചെയ്യുന്നു. അങ്ങനെ ചേർത്തു നിർത്താൻ അത്രയും ശക്തമായ ബലമില്ലെങ്കിൽ പിന്നെ ആറ്റങ്ങളില്ല, ഈ സ്ഥൂല ലോകമില്ല. പ്രപഞ്ചത്തെ വികസിപ്പിക്കാൻ ഒരു ആക്സിലേറ്ററെന്നവണ്ണം ഡാർക്ക് എനർജിയും, വികാസത്തിന്റെ വേഗത കുറയ്ക്കാൻ ഗ്രാവിറ്റി ബ്രേക്ക് എന്നവണ്ണവും പ്രവർത്തിക്കുന്നു. ഇത് തന്നെ ജന്തുലോകത്തും കാണാം. പൂവില്ലാതെ തേനീച്ചയോ, തേനീച്ചയില്ലാതെ പൂവോ ഇല്ല. ആണില്ലാതെ പെണ്ണോ പെണ്ണില്ലാതെ ആണോ ഇല്ല!

ഇങ്ങനെ പരസ്പര പൂരകമായും സന്തുലിതമായും പ്രവർത്തിക്കുന്ന ഒരു സിസ്റ്റം ജഡത്വം നിറഞ്ഞ ഭൗതികതയുടെ ഫലമായി ഉണ്ടായി എന്ന് വാദിക്കുന്നതിൽ യുക്തിയില്ല. എന്നാൽ conscious ആയ ഒരു സ്രഷ്ടാവുണ്ട് എന്ന് വാദിക്കുന്നവരെ സംബന്ധിച്ച് പ്രപഞ്ചത്തിലിത് expected ആണ്.


**e8: Design in biology**

DNA/RNA കോഡുകൾ അനുസരിച്ചാണ് ജീവലോകം പ്രവർത്തിക്കുന്നത്. നാല് കെമിക്കൽ ബേസുകളെ ആശ്രയിച്ചാണ് ഡിഎൻഎയിൽ ഈ വിവരങ്ങൾ രേഖീകരിച്ചിട്ടുള്ളത്.

The information in DNA is stored as a code made up of four chemical bases: adenine (A), guanine (G), cytosine (C), and thymine (T). Human DNA consists of about 3 billion bases.

ഇതിൽനിന്നും ഇങ്ങനെ ഒരു വാദം ഉന്നയിക്കാം:

1) information ഉള്ളടങ്ങിയ DNA ജീവന്റെ അടിസ്ഥാന ഭാഗങ്ങളാണ്.



2) Information എപ്പോഴും ഇന്റലിജൻസിന്റെ ഉത്പന്നമാണ്.
3) Information ജീവന്റെ അടിസ്ഥാനമാണെങ്കിൽ, ജീവന്റെ അടിസ്ഥാനം ഇന്റലിജൻസിന്റെ ഉത്പന്നമാണ്.
4) ആയതിനാൽ ജീവൻ ഇന്റലിജൻസിന്റെ സൃഷ്ടിയാണ്.

ഒരു conscious intelligence ജീവലോകത്തിന്റെ സൃഷ്ടിപ്പിന് നിദാനമാവുകയെന്നത് theism അനുസരിച്ച് സംഭവിക്കേണ്ട കാര്യമാണ്, ദൈവത്തിനു തെളിവാണ്.

e9: fine-tuning

ജീവന് ഈ പ്രപഞ്ചത്തിൽ നിലനിൽക്കാൻ കഴിയുന്നത് പ്രകൃതിയുടെ അടിസ്ഥാനനിയമങ്ങൾ സൂക്ഷ്മമായി അതിനുവേണ്ടി സംവിധാനിക്കപ്പെട്ടിരിക്കുന്നതിനാലാണ്. അവയിൽ ഏതിന്റെയെങ്കിലും മൂല്യം അൽപം മാറിയിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ ഉത്പാദന സ്വഭാവവും ഗ്രഹങ്ങളും ഗാലക്സികളും ജീവനും ഉണ്ടാകുമായിരുന്നില്ല. ഈ സവിശേഷതയെയാണ് cosmic fine tuning എന്ന് വിളിക്കപ്പെടുന്നത്.

സ്റ്റീഫൻ ഹോക്കിങ് എഴുതുന്നു: 'പ്രപഞ്ചത്തിന്റെ മൊത്തം സാന്ദ്രതയിൽനിന്നും അൽപം മാറ്റം വന്നിരുന്നെങ്കിൽ (by even 0.0000000000001 percent) നക്ഷത്രങ്ങളോ ഗാലക്സികളോ പ്രപഞ്ചത്തിൽ ജനിക്കുമായിരുന്നില്ല. ബിഗ് ബാങ്ന് ശേഷമുള്ള സമയത്തെ പ്രപഞ്ചവികാസ വേഗത അൽപം കുറഞ്ഞിരുന്നെങ്കിൽ കൂടിച്ചേർന്ന് ഒരു recollapse വഴി പ്രപഞ്ചം തകരുമായിരുന്നു' (A Brief History of Time, Stephen Hawking wrote, page 126).

ചില പ്രാപഞ്ചിക സ്ഥിരാങ്കങ്ങൾ നോക്കുക:

ഗുരുത്വബലം.

വൈദ്യുത കാന്തിക ബലം.

സ്ട്രോങ്ങ് ന്യൂക്ലിയർ ഫോഴ്സ്.

വീക്ക് ന്യൂക്ലിയർ ഫോഴ്സ്.

ഡാർക്ക് എനർജി.

പ്രപഞ്ചത്തിന്റെ സാന്ദ്രത.

പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ എന്നിവകളുടെ പിണ്ഡത്തിന്റെ അനുപാതം.

ഇവയുടെ മൂല്യങ്ങളെ ഒരനുപാതത്തിൽ ആസൂത്രണം ചെയ്തതിന്റെ ഫലമാണ് ഈ പ്രപഞ്ചം. ഗ്രാവിറ്റിയുടെ മൂല്യം കൂടുതലായിരുന്നെങ്കിൽ പദാർഥത്തിന്റെ പൊതുആകർഷണത്താൽ പ്രപഞ്ച വികാസ വേഗത കുറയുകയും ഉടനെ ഒരു ബിഗ് ക്രഞ്ച് വഴി കൂടിച്ചേർന്ന് പ്രപഞ്ചം ഇല്ലാതാവുകയും ചെയ്യുമായിരുന്നു. കുറവായിരുന്നുവെങ്കിൽ ഒന്നും മറ്റൊന്നിനോട് ചേരാത്ത വിരസമായ മരുഭൂമി മാത്രമാകുമായിരുന്നു പ്രപഞ്ചം. രണ്ടവസ്ഥയിലും productive ആയി ഒന്നുമില്ലാത്ത ലോകമാകുമായിരുന്നു. ഏറ്റവും ശക്തമായ സ്ട്രോങ്ങ് ന്യൂക്ലിയർ ഫോഴ്സ് പക്ഷേ, സൂക്ഷ്മ തലത്തിൽ മാത്രം ഒതുങ്ങുന്നതിനാൽ സ്ഥൂലലോകത്തെ ബാധിക്കുന്നില്ല. ഗ്രാവിറ്റിക്ക് നേർ വിപരീത സ്വഭാവമാണ് ഡാർക്ക് എനർജിക്കുള്ളത്. അവ വികർഷണം ഉണ്ടാക്കുന്നു. എന്നാൽ പ്രകാശ വർഷങ്ങളുടെ ദൂര വ്യത്യാസത്തിൽ വലിയ ലോകത്തെ മാത്രമെ ഇവ ബാധിക്കുന്നുള്ളൂ. ആറ്റങ്ങളെയോ വസ്തുക്കളെയോ ഈ വികർഷണം ബാധിച്ചിരുന്നുവെങ്കിൽ ഇവിടെ ആകാശഗോളങ്ങളോ ഭൂമിയോ ജീവനോ ഇല്ല.

കൃത്യമായ ചില നിയമങ്ങളെ, ചില മേഖലകളിലേക്ക് തന്നെ നിയമിക്കുകയും, അവ പരസ്പര പൂരകമായി പ്രവർത്തിക്കുകയും, അവയാൽ ഈ മനോഹര ലോകം നിർമിക്കപ്പെടുകയും അവ കൂടുതൽ സങ്കീർണമായ ജീവലോകത്തിന് നിദാനമാവുകയും ചെയ്യുന്നത് നമുക്കിവിടെ കാണാൻ കഴിയുന്നു. കേവല ഭൗതിക പ്രതിഭാസങ്ങളിൽ മാത്രം വിശ്വസിക്കുന്നവർക്ക് ഇതെങ്ങനെയാണ് വിശദീകരിക്കാനാവുക? എന്തിനുവേണ്ടി ഈ സങ്കീർണ നിയമങ്ങൾ കൃത്യമായി സംവിധാനിക്കപ്പെടണം? പല നിയമങ്ങളുടെ മൂല്യം ഒരു പ്രത്യേക രൂപത്തിൽ നിയന്ത്രിക്കപ്പെട്ട് അവ ചേർന്ന് പ്രവർത്തിച്ച് പ്രപഞ്ചം പോലൊരു മഹാസംവിധാനം കേവലം യാദൃച്ഛികമായി വെറുതെ ഉണ്ടായിയെന്ന വാദം സത്യസന്ധതയുള്ള ഏതൊരു മനുഷ്യനും ദഹിക്കുമെന്ന് തോന്നുന്നില്ല. ചവറുകൂനയിൽനിന്നും യാദൃച്ഛികമായി വിമാനമുണ്ടായി എന്ന് വിശ്വസിക്കുന്നത് പോലെയാണത്.

എന്നാൽ theism അനുസരിച്ച് പ്രപഞ്ചം പോലൊരു സംവിധാനം ഒരു conscious ആയ അസ്തിത്വത്താൽ ഉദ്ദേശ്യലക്ഷ്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണ്. അതിൽ ആസൂത്രണങ്ങളും ബുദ്ധിവൈഭവവും ഉണ്ടാവുക theism അനുസരിച്ച് സ്വാഭാവികത മാത്രമാണ്. theism അനുസരിച്ച് മാത്രം സംഭവിക്കേണ്ട ഒരു കാര്യം കാണപ്പെടുന്നുവെന്നത് ദൈവാസ്തിത്വത്തിന് തെളിവാണ്.

*(തുടരും)*



# വിയോജിക്കാം വേർപിരിയാം; മാന്യമായി


**നബീൽ പയ്യോളി**

: 9446378716


ബന്ധങ്ങളിൽ ബന്ധിതമാണ് മനുഷ്യർ. ഞാൻ ആരെയും ആശ്രയിക്കാതെ ഒറ്റയ്ക്ക് ജീവിച്ചോളാം എന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ഈ ലോകത്തുള്ള മുഴുവൻ ചരാചരങ്ങളും ഏതെങ്കിലും വിധത്തിൽ പരസ്പരം ആശ്രയിച്ചാണ് കഴിയുന്നത്. അത് നിലനിൽപിന് അനിവാര്യമാണ് താനും.

മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉണരുന്നതുമുതൽ ഉറങ്ങുന്നതുവരെ പലതരത്തിലുള്ള ഇടപാടുകളും ക്രയവിക്രയങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. ജീവിതയാത്രയിൽ അനേകായിരം മനുഷ്യരുടെ ഇടപെടലുകൾ പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടെന്നത് യാഥാർഥ്യം. എല്ലാവരും ഒരുപോലെയല്ല. അതുകൊണ്ട്തന്നെ ഇടപെടലുകളിലും ഇടപാടുകളിലും നമുക്ക് ഇഷ്ടമുള്ളതും ഇല്ലാത്തതും ഒക്കെയുണ്ടാവാം. അനിഷ്ടകരമാണെങ്കിൽപോലും ചില ഇടപാടുകൾ നമുക്ക് നടത്തേണ്ടിയും വരും. അനിവാര്യ ഘട്ടങ്ങളിൽ കാര്യങ്ങൾ മുന്നോട്ട് പോവാൻ അത് ആവശ്യമാണ് എന്ന തിരിച്ചറിവിൽനിന്നാണ് അത്തരം ഇടപെടൽ.

എന്നാൽ ചിലപ്പോഴെങ്കിലും അനിഷ്ടങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ സമചിത്തതയോടെ ഇടപെടുകയും അനാവശ്യ തർക്കങ്ങൾ ഒഴിവാക്കുകയുമാണ് ചെയ്യേണ്ടത്. വൈകാരികമായ എടുത്തുചാട്ടം പലപ്പോഴും വ്യക്തിത്വത്തെതന്നെ സമൂഹ മധ്യത്തിൽ കളങ്കപ്പെടുത്തിയേക്കാം.

> **വിധിവിശ്വാസം ശക്തമായി മനസ്സിലുണ്ടാവണം. അതായിരിക്കണം തീരുമാനങ്ങളുടെ കാതൽ. പ്രശ്നങ്ങൾക്ക് പുറകെ പോകാനല്ല, പരിഹാരവഴിയിൽ സഞ്ചരിക്കാനാണ് ശ്രമിക്കേണ്ടത്. ആവശ്യത്തിന് ഇടപെടുകയും മൗനം പാലിക്കേണ്ടിടത്ത് മൗനം പാലിക്കുകയും വേണം.**

ഈയിടെ സാമൂഹ്യ മാധ്യമങ്ങളിൽ ഒരു പ്രധാന



**വ്യക്തികൾ ഇടപെടുന്ന ഇടങ്ങളിലെല്ലാം വിയോജിപ്പുകളും ഉണ്ടാകും. സാമൂഹിക മാധ്യമങ്ങളുടെ കാലത്ത് ആ മേഖലയിലും തർക്കങ്ങളും വിയോജിപ്പുകളുമുണ്ടാകും. അപരന് മാനഹാനി വരുത്താനും, ഇല്ലാതാക്കാനുമൊക്കെ സാമൂഹിക മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നവർ മാന്യമായി വിയോജിക്കാനുള്ള ഇടങ്ങൾ നഷ്ടപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്.**

മാളിൽ നടന്ന സംഭവത്തിന്റെ വീഡിയോ പ്രചരിച്ചിരുന്നു. ഉപഭോക്താവ് കടയിൽനിന്നും ദേഷ്യപ്പെട്ട് ഇറങ്ങിവരുന്നു. പിന്നാലെ വന്ന് സ്ഥാപനത്തിലെ ജീവനക്കാർ അദ്ദേഹത്തോട് കയർത്ത് സംസാരിക്കുകയും പരസ്പരം വാഗ്വാദത്തിലേർപ്പെടുകയും ചെയ്യുന്നു. വളരെ മോശമായ ഇടപെടൽ എന്നേ അതിനെ വിലയിരുത്താൻ സാധിക്കുകയുള്ളൂ. ഏതൊരു സ്ഥാപനത്തിലെ ജീവനക്കാരും അങ്ങനെ ചെയ്യാവതല്ല. ഉപഭോക്താവിന് വിയോജിക്കുവാനും വിലപേശാനുമൊക്ക അവകാശമുണ്ട്. എത്ര പ്രകോപനം സൃഷ്ടിച്ചാലും അതിനെ സംയമനത്തോടെ നേരിടുകയും രംഗം ശാന്തമാക്കുകയും ചെയ്യുക എന്നതാണ് കസ്റ്റമർ സർവീസ് രംഗത്ത് പ്രവർത്തിക്കുന്നവർ ചെയ്യേണ്ടത്. മറിച്ചായാൽ അത് സ്ഥാപനത്തിന്റെ സൽപ്പേരിനുതന്നെ കളങ്കമാവും. അത് വലിയ തിരിച്ചടികൾക്ക് കാരണമാവുകയും ചെയ്യും. അഭിപ്രായവ്യത്യാസങ്ങളിൽ മാന്യമായി വിയോജിക്കാനും പിരിയാനും സാധിക്കുക എന്നതുതന്നെയാണ് ഇത്തരം ഘട്ടങ്ങളിൽ പ്രധാനം.

ചിലപ്പോൾ സ്ഥാപനത്തിൽനിന്ന് തനിക്കുണ്ടായ ദുരനുഭവവും മാനഹാനിയും വിദ്വേഷത്തിന് കാരണമാവുകയും ആ സ്ഥാപനത്തെതന്നെ തകർക്കാവുന്നതും നാശനഷ്ടങ്ങൾ വരുത്താവുന്നതുമായ അവസ്ഥയിലേക്ക് അത് എത്തുകയും ചെയ്തേക്കാം. അത് ഗുരുതരമായ സാഹചര്യമാണ്. മനുഷ്യർ വ്യത്യസ്ത സ്വഭാവവും ഇഷ്ടാനിഷ്ടങ്ങളും ഉള്ളവരാണ്. അതുകൊണ്ട് വിയോജിപ്പുകൾ ഉണ്ടാവുക സ്വാഭാവികം. എന്നാൽ അതിനെ അപരന്റെ നാശത്തിലേക്ക് എത്തിക്കുന്നത് ഒരിക്കലും അംഗീകരിക്കാവതല്ല. വ്യക്തികളോടോ സ്ഥാപനങ്ങളോടോ ഉള്ള വിയോജിപ്പുകൾ അപരനെ ഇല്ലാതാക്കുന്നവിധം വളർന്ന് വരുമ്പോൾ നികത്താനാവാത്തവിധമുള്ള നഷ്ടമുണ്ടാകും. ചിലപ്പോൾ നിരവധിപേരുടെ ജീവിത മാർഗവും സമാധാനവും കൂടിയാവും ഇല്ലാതാവുന്നത്. എതിർപക്ഷത്തുള്ളവനെ ഇല്ലാതാക്കുന്നതോടൊപ്പം സ്വജീവിതം കൂടി ദുസ്സഹമാവുന്ന സാഹചര്യമാണ് അപ്പോൾ ഉണ്ടാവുക. അതുകൊണ്ട് അനാവശ്യ തർക്കങ്ങളും വിരോധങ്ങളും മാറ്റിവച്ച് മാന്യമായി വിയോജിക്കുവാൻ സാധ്യമാവണം. മറിച്ചാണെങ്കിൽ നമ്മുടെ അഭിമാനം, പണം, സമാധാനം എന്നിവയൊക്കെ നഷ്ടപ്പെട്ടേക്കാം. ശാരീരികമായ ഉപദ്രവമേൽക്കേണ്ടിവരികയോ ജയിലിലക

പ്പെടുന്നസാഹചര്യമുണ്ടാവുകയോ ചെയ്തേക്കാം.

ജോലിചെയ്യുന്ന സ്ഥാപനത്തിനെതിരിൽ പ്രവർത്തിക്കുന്ന സാഹചര്യം, മാനേജ്മെന്റുമായി, സ്റ്റാഫുകളുമായി ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ എന്നിവയൊക്കെ വലിയ ദുരന്തങ്ങളിലേക്ക് എത്തിച്ചേക്കാം. ബിസിനസ് മേഖലയിൽ ഉണ്ടാകുന്ന അനാരോഗ്യ പ്രവണതകളും അസൂയയുമൊക്കെ ഇത്തരം സാഹചര്യങ്ങളിലേക്ക് നയിക്കുന്നു. മറ്റുള്ളവരെ ഇല്ലാതാക്കാനും അസൂയപ്പെടാനും നമ്മളാരുമല്ല. അപരന്റെ നാശം നമുക്ക് സമാധാനവും സന്തോഷവും നൽകും എന്ന് കരുതുന്നത് മൗഢ്യമാണ്.

വ്യക്തികൾ ഇടപെടുന്ന ഇടങ്ങളിലെല്ലാം വിയോജിപ്പുകളും ഉണ്ടാകും. സാമൂഹിക മാധ്യമങ്ങളുടെ കാലത്ത് ആ മേഖലയിലും തർക്കങ്ങളും വിയോജിപ്പുകളുമുണ്ടാകും. അപരന് മാനഹാനി വരുത്താനും, ഇല്ലാതാക്കാനുമൊക്കെ സാമൂഹിക മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നവർ മാന്യമായി വിയോജിക്കാനുള്ള ഇടങ്ങൾ നഷ്ടപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്.

സ്വന്തത്തെക്കുറിച്ച് ഒന്ന് ചിന്തിച്ചുനോക്കുക. പലപ്പോഴും അനാവശ്യ തർക്കങ്ങളിൽ ഏർപ്പെട്ടിട്ടില്ലേ? അത് ഒഴിവാക്കാമായിരുന്നു എന്ന് തോന്നുന്ന നിരവധി സംഭവങ്ങൾ മനസ്സിലൂടെ മിന്നിമറയുന്നില്ലേ? തീർച്ചയായും മൗനം ദീക്ഷിച്ചിരുന്നെങ്കിൽ, മാന്യമായി വിയോജിച്ച് വേർപിരിഞ്ഞിരുന്നെങ്കിൽ എന്ന് തോന്നുന്ന സംഭവങ്ങളായിരിക്കും മിക്കവയും.

കുടുംബ വഴക്കിനൊടുവിൽ കുടുംബ കോടതി കയറിയിറങ്ങി പ്രയാസപ്പെടുന്ന നിരവധിപേർ നമുക്കറിയാവുന്നവരിൽ ഇല്ലേ? കുടുംബങ്ങളും മഹല്ലുകമ്മിറ്റിയുമൊക്കെ ഇടപെട്ട് മാന്യമായി പ്രശ്നം തീർക്കാ മായിരുന്നു. ഏതു

**കൂട്ടിച്ചേർക്കാൻ പറ്റാത്തവിധം മനസ്സുകൾ അകന്നുപോയെങ്കിൽ, വേർപിരിയാൻതന്നെയാണ് തീരുമാനമെങ്കിൽ ദമ്പതികൾ മാന്യമായി വേർപിരിയലല്ലേ നല്ലത്? സമാധാനപൂർണമായ മറ്റൊരു ജീവിതം പരസ്പരം ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്ത് സംതൃപ്തമായി പിരിഞ്ഞുകൂടേ? കാരണങ്ങൾ പലതെങ്കിലും മാന്യമായി വിയോജിക്കാനും വേർപിരിയാനും മനസ്സുണ്ടായിരുന്നെങ്കിൽ പലർക്കും ജീവൻ നഷ്ടപ്പെടില്ലായിരുന്നു എന്ന് തോന്നിപ്പോകാറുണ്ട്. സ്വന്തം നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം അപരന് അതിനുള്ള അവകാശം അനുവദിച്ചു കൊടുക്കാനുള്ള സൻമനസ്സു കൂടി വേണം.**



കാര്യത്തിലും ചെറിയ വിട്ടുവീഴ്ചകൾ വേണ്ടിവരും. വേർപിരിയൽ അനിവാര്യമായ ദമ്പതിമാർക്ക് മാന്യമായി വേർപിരിയാൻ അവസരമുണ്ടാക്കിയാൽ പണം, സമയം, സമാധാനം, ജോലി, ആരോഗ്യം എന്നിവയിലെ നഷ്ടം ഒഴിവാക്കാം. നിയമ വ്യവഹാരങ്ങൾ കാലങ്ങൾ നീണ്ടുപോകും. ജീവിതം ദുസ്സഹമാവും. ഉറക്കം നഷ്ടപ്പെടും. എന്തിനിങ്ങനെയൊക്കെ എന്ന് ചിന്തിക്കണം.

കൂട്ടിച്ചേർക്കാൻ പറ്റാത്തവിധം മനസ്സുകൾ അകന്നുപോയെങ്കിൽ, വേർപിരിയാൻതന്നെയാണ് തീരുമാനമെങ്കിൽ ദമ്പതികൾ മാന്യമായി വേർപിരിയലല്ലേ നല്ലത്? സമാധാനപൂർണമായ മറ്റൊരു ജീവിതം പരസ്പരം ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്ത് സംതൃപ്തമായി പിരിഞ്ഞുകൂടേ?

കുടുംബ പ്രശ്നം മൂലം ഗൾഫ് യാത്രമുടങ്ങി ജോലി നഷ്ടപ്പെട്ട സുഹൃത്തിന്റെ കഥയാണ് ഓർമ വരുന്നത്. അത്തരം നഷ്ടങ്ങൾ ഒഴിവാക്കാനുള്ള വിവേകം നമുക്കുണ്ടാവണം. മാന്യന്മാരായ പലരുടെയും കുടുംബങ്ങൾ അനന്തരസ്വത്ത് തർക്കത്തിൽ തകർന്നടിഞ്ഞ കാഴ്ചയും വാർത്ത

കളും നമ്മളെത്രയോ കേട്ടിട്ടുണ്ട്. എന്ത് നേടി? നഷ്ടമായ മാനവും സൽപ്പേരും സമാധാനവും തിരിച്ചെടുക്കാൻ സാധിക്കുമോ?

കാരണങ്ങൾ പലതെങ്കിലും മാന്യമായി വിയോജിക്കാനും വേർപിരിയാനും മനസ്സുണ്ടായിരുന്നെങ്കിൽ പലർക്കും ജീവൻ നഷ്ടപ്പെടില്ലായിരുന്നു എന്ന് തോന്നിപ്പോകാറുണ്ട്. സ്വന്തം നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം അപരന് അതിനുള്ള അവകാശം അനുവദിച്ചുകൊടുക്കാനുള്ള സൻമനസ്സു കൂടി വേണം.

ആരോഗ്യകരമായ സംവാദങ്ങൾക്കും വിയോജിപ്പുകൾക്കും ഇടമില്ലാത്ത, അപരനെ ഇല്ലായ്മ ചെയ്യാനുള്ള പ്രവണത മത, രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിലും നിലനിൽക്കുന്നുണ്ട്. ആശയ സംവാദങ്ങൾക്കപ്പുറം വ്യക്തിഹത്യയും അനാവശ്യതർക്കങ്ങളും ജീവിതമാക്കിയ ചിലരുണ്ട്. എന്തു നേടി എന്ന് ചോദിക്കുമ്പോൾ നഷ്ടങ്ങളുടെ കണക്ക് മാത്രമെ ഇത്തരക്കാർക്ക് പറയാനുണ്ടാവൂ.

ധാർമികതയുടെ സർവ സീമകളും ലംഘിച്ചുകൊണ്ടാണ് പലരുടെയും സാമൂഹിക മാധ്യമങ്ങളിലെ ഇടപെടൽ. വിയോജിപ്പ് മാന്യമായി പ്രകടിപ്പിക്കാൻ ഇവർക്കാവില്ല. അതുണ്ടാക്കുന്ന പ്ര

**ആരോഗ്യകരമായ സംവാദങ്ങൾക്കും വിയോജിപ്പുകൾക്കും ഇടമില്ലാത്ത, അപരനെ ഇല്ലായ്മ ചെയ്യാനുള്ള പ്രവണത മത, രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിലും നിലനിൽക്കുന്നുണ്ട്. ആശയ സംവാദങ്ങൾക്കപ്പുറം വ്യക്തിഹത്യയും അനാവശ്യ തർക്കങ്ങളും ജീവിതമാക്കിയ ചിലരുണ്ട്. എന്തു നേടി എന്ന് ചോദിക്കുമ്പോൾ നഷ്ടങ്ങളുടെ കണക്ക് മാത്രമെ ഇത്തരക്കാർക്ക് പറയാനുണ്ടാവൂ. ധാർമിക തയുടെ സർവ സീമകളും ലംഘിച്ചുകൊണ്ടാണ് പലരുടെയും സാമൂഹിക മാധ്യമങ്ങളിലെ ഇടപെടൽ. വിയോജിപ്പ് മാന്യമായി പ്രകടിപ്പിക്കാൻ ഇവർക്കാവില്ല. അതുണ്ടാക്കുന്ന പ്രത്യാഘാ തങ്ങളെ ക്കുറിച്ച് ഇവർ ചിന്തിക്കുകയുമില്ല.**

ത്യാഘാതങ്ങളെ ക്കുറിച്ച് ഇവർ ചിന്തിക്കുകയുമില്ല. അപരനെ ആത്മഹത്യയിലേക്ക് തള്ളിവിട്ട സംഭവങ്ങൾ നിരവധിയുണ്ട്.

സ്വതന്ത്ര നിലപാടുകളിൽ ആകൃഷ്ടരായോ സ്വാധീനിക്കപ്പെട്ടോ വിവാഹം വേണ്ടെന്നുവച്ച് ഒരുമിച്ച് ജീവിക്കുന്നവരും 'സുഹൃത്തിന്റെ പങ്കാളി'യാകുന്നവരും കൊല്ലപ്പെടുന്ന വാർത്തകൾ ഈയിടെയായി വർധിച്ചുവരുന്നുണ്ട്. ഇത്തരം കൊലപാതകങ്ങളിൽ 'സുഹൃത്താണ്' പലപ്പോഴും പ്രതിസ്ഥാനത്തുള്ളത്. അഭിപ്രായ വ്യത്യാസങ്ങളിൽ മാന്യമായി വിയോജിക്കാനുള്ള അവസരമില്ല, സുഹൃത്തിനെ ഇല്ലാതാക്കിയാൽ മാത്രമെ ശരിയാവൂ എന്ന് ചിന്തിക്കുന്ന 'സ്വതന്ത്ര സുഹൃത്തുക്കളും' കൂടിവരുന്നു. പ്രണയവും മറ്റും ഈ നഷ്ടക്കണക്കിലെ ഇടങ്ങളിൽ ചിലതുമാത്രം. സുഹൃത്തിനെ വനത്തിനുള്ളിൽ കൊണ്ടുപോയി ഇല്ലാതാക്കിയതും വിവാഹത്തലേന്ന് വധുവിന്റെ പിതാവിനെ ദാരുണമായി വധിച്ചതുമെല്ലാം വിയോജിപ്പുകൾ ഉൾക്കൊള്ളാൻ കഴിയാത്ത മാനസികാവസ്ഥയുടെ അന്തരഫലങ്ങളാണ്.

ഇങ്ങനെ അനേകം സംഭവങ്ങൾ ദിനേന നമ്മുടെ മുമ്പിലൂടെ മിന്നിമറയുന്നു. തന്നെപ്പോലെ മറ്റുള്ളവർക്കും അഭിപ്രായമുണ്ടെന്നും യോജിപ്പുകളും വിയോജിപ്പുകളും സ്വാഭാവികമെന്നും തിരിച്ചറിഞ്ഞേ മതിയാവൂ. ആരെയും തകർക്കാനോ ഇല്ലാതാക്കാനോ നമുക്കവകാശമില്ല. ആരോഗ്യകരമായ സംവാദങ്ങളും വിയോജിപ്പുകളും ഉണ്ടാവട്ടെ. ഇഷ്ടമില്ലാത്തിടത്ത് അത് തുറന്നുപറയാനും അത് ബോധ്യപ്പെടുത്താനും ശ്രമിക്കണം. നോ പറയാനും മാന്യമായി പിരിയാനും സാധ്യമാവണം. വിധിവിശ്വാസം ശക്തമായി മനസ്സിലുണ്ടാവണം. അതായിരിക്കണം തീരുമാനങ്ങളുടെ കാതൽ. പ്രശ്നങ്ങൾക്ക് പുറകെ പോകാനല്ല, പരിഹാരവഴിയിൽ സഞ്ചരിക്കാനാണ് ശ്രമിക്കേണ്ടത്. ആവശ്യത്തിന് ഇടപെടുകയും മൗനം പാലിക്കേണ്ടിടത്ത് മൗനം പാലിക്കുകയും വേണം. ■






നമ്മുടെ രാജ്യത്തെ കോടതികൾ 32

# അന്വേഷണ ഏജൻസികൾ

**അബൂ ആദം അയ്മൻ**

### ഡിആർഐ

നിരോധിത വസ്തുക്കൾ, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ കള്ളക്കടത്തു സംബന്ധിച്ച രഹസ്യവിവരങ്ങൾ, രാജ്യത്തെയും വിദേശരാജ്യങ്ങളിലെയും രഹസ്യവാർത്താ ഉറവിടങ്ങൾ വഴി ശേഖരിക്കുക മുഖ്യചുമതലയായുള്ള കേന്ദ്രവകുപ്പാണ് റവന്യൂ രഹസ്യാന്വേഷണ ഡയറക്ടറേറ്റ് (Directorate of Revenue Intelligence - DRI). ഇതിലേക്ക് സിബിഐയുമായും അവരിലൂടെ ഇന്റർപോളുമായും സമ്പർക്കം പുലർത്തുക, വൈദഗ്ധ്യം വേണ്ട സാമ്പത്തിക കുറ്റാന്വേഷണങ്ങൾ ഏറ്റെടുത്തു നടത്തുകയോ അത്തരം അന്വേഷണങ്ങളിൽ പങ്കാളിത്തം വഹിക്കുകയോ ചെയ്യുക, കള്ളക്കടത്തുസാധനങ്ങൾ കസ്റ്റഡിയിൽ എടുക്കുക, കള്ളക്കടത്തുകാരെ അറസ്റ്റുചെയ്യുക, കസ്റ്റംസ് ആക്ട് പ്രകാരമുള്ള കേസുകൾ രജിസ്റ്റർ ചെയ്ത് പ്രോസിക്യൂഷൻ നടപടികൾക്കായി ആദായനികുതിവകുപ്പിന്റെ പരിഗണനയ്ക്കു സമർപ്പിക്കുക, പ്രധാനപ്പെട്ട സാമ്പത്തിക കുറ്റാന്വേഷണങ്ങൾക്കും പ്രോസിക്യൂഷൻ കേസുകൾക്കും വേണ്ട മാർഗനിർദേശങ്ങൾ നൽകുക മുതലായവയും ഡിആർഐയുടെ ചുമതലകളിൽപ്പെടുന്നു. കേന്ദ്ര ധനമന്ത്രി കാര്യാലയത്തിന്റെ റവന്യു (പൊതുവരുമാന) വകുപ്പിലെ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ കീഴിൽ ഡിആർഐ പ്രവർത്തിച്ചുവരുന്നു. ഡയറക്ടർ ജനറൽ ആണ് മേധാവി. ആസ്ഥാനം ഡൽഹിയാണ്.

### ഡിജിസിഇഐ

രാജ്യത്തു നടക്കുന്ന കേന്ദ്ര എക്സൈസ് നികുതി വെട്ടിപ്പും സേവന നികുതി (Service Tax) വെട്ടിപ്പും സംവന്ധിച്ച രഹസ്യവിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട കമ്മീഷണറേറ്റുകളെ ധരിപ്പിക്കുകയും ഇത്തരംകൾ നടത്തുന്നതിലെ പ്രത്യേക ശൈലിയെപ്പറ്റി പഠിച്ച് വിവിധ കമ്മീഷണറേറ്റുകൾക്ക് മുന്നറിയിപ്പു നൽകുകയും ചെയ്യുക മുഖ്യചുമതലയായുള്ള കേന്ദ്രവകുപ്പാണ് കേന്ദ്ര എക്സൈസ് രഹസ്യാന്വേഷണ ഡയറക്ടറേറ്റ് ജനറൽ (Directorate General of Central Excise Intelligence- DGCEI). വെട്ടിപ്പുകൾ നടത്തുന്നതിനുള്ള പഴുതുകൾ അടയ്ക്കുന്നതിലും അവ ഫലപ്രദമായി തടയുന്നതിലും ആവശ്യമായ ഉപദേശങ്ങൾ നൽകി കമ്മീഷണറേറ്റുകളെ

സഹായിക്കുക, കമ്മീഷണറേറ്റുകളിൽ എത്തുന്ന നികുതി വെട്ടിപ്പുകേസുകളെക്കുറിച്ചും ഡയറക്ടറേറ്റ് തെരഞ്ഞെടുത്തു നൽകുന്ന സങ്കീർണമായ കേസുകൾ, ധനകാര്യമന്ത്രാലയം ഭരമേൽപിക്കുന്ന കേസുകൾ എന്നിവയെപ്പറ്റിയും അന്വേഷണം നടത്തുക, വെട്ടിപ്പുകേസുകൾ സംബന്ധിച്ചുള്ള സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ആദായനികുതി വകുപ്പ്, വിൽപനനികുതി വകുപ്പ് മുതലായവയുടെ നടപടികൾ ഏകോപിപ്പിക്കുക എന്നിവയും ഡിജിസിഐഐയുടെ ചുമതലകളിൽപെടുന്നു. ഡയറക്ടർ ജനറൽ ആണ് മേധാവി. ഡൽഹിയാണ് ആസ്ഥാനം.

**ഡിഐസിഐ**


ഡയറക്ടറേറ്റ് ഓഫ് ഇൻകം ടാക്സ് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ (Directorate of Income Tax Criminal Investigation-DICI) സാമ്പത്തിക കുറ്റാന്വേഷണം ചുമതലയായുള്ള കേന്ദ്ര വകുപ്പാണ്. ആദായ നികുതി നിയമം (1961-ലേത്) 22ഠം വകുപ്പും സ്വത്തുനിയമം(1957-ലേത്) എട്ടാം വകുപ്പും പ്രകാരമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള അന്വേഷണം നടത്തുന്നതിലേക്ക് ആദായനികുതിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ ഡയറക്റ്ററേറ്റിന്റെ ആസ്ഥാനം ഡൽഹിയിലെ സെൻട്രൽ ബോർഡ് ഓഫ് ഡയറ ക്ടറേറ്റിൽ ആണ്. രാജ്യരക്ഷയ്ക്ക് ഭീഷണിയാകുന്നതും, പ്രത്യക്ഷ നികുതിനിയമ പ്രകാരം കുറ്റകരമാകുന്നതുമായ സാമ്പത്തിക ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പരിശോധിക്കുക, ഈ കുറ്റങ്ങളുടെ സാമ്പത്തിക ഉറവിടങ്ങളും കുറ്റങ്ങളിലെ സാമ്പത്തിക വിനിയോഗങ്ങളും കണ്ടെത്തുക, ഇവ സംബന്ധിച്ച് കോടതികളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിപ്പിക്കുക മുതലായവ ഈ ഡയറക്ടറേറ്റിന്റെ ചുമതലകളിൽ പെടുന്നു.

ഡൽഹിയിലും ചണ്ഡിഗഢ്, ജയ്പൂർ, അഹമ്മദാബാദ്, മുംബൈ, ചെന്നൈ, കൊൽക്കൊത്ത, ലക്നൗ എന്നിവിടങ്ങളിലുമായി മൊത്തം എട്ടു ഡയറക്ടർമാർ ഈ ഡയറക്ടറേറ്റിന്റെ കീഴിലുണ്ട്.

**ഇ ഡി**

മുഖ്യമായും വിദേശനാണ്യ വിനിമയനിയമം (FEMA), വിദേശനാണ്യ നിയന്ത്രണനിയമം (FERA), വിദേശനാണ്യസംരക്ഷണവും കള്ളക്കടത്തുനിരോധനവും സംബന്ധിച്ച നിയമം (കോഫേപോസ), കള്ള പ്പണം വെള്ളപ്പണമാക്കൽ നിരോധന നിയമം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുക പ്രധാന ചുമതലയായുള്ള കാര്യാലയമാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (Enforcement Directorate - E D).

കേന്ദ്ര ധനകാര്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ കാര്യാലയത്തിന് ഇതിലേക്ക് വിപുലമായ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്. ഈ നിയമങ്ങളുടെ ലംഘനങ്ങൾ സംബന്ധിക്കുന്ന രഹസ്യവിവരങ്ങൾ ശേഖരിക്കുക, ലംഘകരെന്നു സംശയിക്കപ്പെടുന്നവരെ ചോദ്യം ചെയ്യുക, അവരുടെ വാഹനങ്ങളും ഓഫീസും വീടും പരിസരങ്ങളും പരിശോധിക്കുക, കുറ്റകൃത്യത്തിനു തെളിവായി കണ്ടെടുത്തിട്ടുള്ള വിദേശ കറൻസിയും ഇന്ത്യൻ കറൻസിയും കൈവശത്തിലെടുക്കുക, തെളിവു ശേഖരണത്തിനായുള്ള അന്വേഷണം നടത്തുക, നിയമലംഘകരെ അറസ്റ്റ് ചെയ്ത് വിചാരണചെയ്യിക്കുക, നിയമലംഘനങ്ങളിൽ പെടുന്ന തുകകൾ കണ്ടുകെട്ടുക, കുറ്റകൃത്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തിയ വസ്തുക്കൾ ജപ്തിചെയ്തു കണ്ടുകെട്ടുക മുതലായവ ഇഡിയുടെ അധികാരങ്ങളിൽ പെടുന്നു. ഡയറക്ടർ ആണ് മേധാവി. ഡൽഹിയാണ് ആസ്ഥാനം.



**എൻസിബി**

നർക്കോട്ടിക് കൺട്രോൾ ബ്യൂറോ (Narcotics Control Bureau- NCB) അഖിലേന്ത്യാടിസ്ഥാനത്തിൽ മയക്കുമരുന്നു കള്ളക്കടത്തും നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ ദുരുപയോഗവും തടയുകയെന്നതാണ് എൻസിബിയുടെ മുഖ്യ ചുമതല. ഇതിലേക്ക് കസ്റ്റംസ് സെൻട്രൽ എക്സൈസ്, ഇൻകം ടാക്സ്, ഇന്ത്യൻ പൊലീസ് സർവീസ്, സിബിഐ, സിഇഐബി എന്നീ വിഭാഗങ്ങളുമായി എൻസിബിസി സഹകരിച്ചു പ്രവർത്തിക്കുന്നു.

*(അവലംബം)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: ഗാഫിർ

അധ്യായം 40

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

36. ഫിർഔൻ പറഞ്ഞു: ഹാമാനേ, എനിക്ക് ആ മാർഗങ്ങളിൽ എത്താവുന്ന വിധം എനിക്കുവേണ്ടി നീ ഒരു ഉന്നത സൗധം പണിതു തരൂ!

37. അഥവാ ആകാശമാർഗങ്ങളിൽ. എന്നിട്ടു മൂസായുടെ ദൈവത്തിന്റെ അടുത്തേക്ക് എത്തിനോക്കുവാൻ. തീർച്ചയായും അവൻ (മൂസാ) കളവു പറയുകയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അപ്രകാരം ഫിർഔന് തന്റെ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിക്കപ്പെട്ടു. നേരായ മാർഗത്തിൽനിന്ന് അവൻ തടയപ്പെടുകയും ചെയ്തു. ഫിർഔന്റെ തന്ത്രം നഷ്ടത്തിൽ തന്നെയായിരുന്നു.

38. ആ വിശ്വസിച്ച വ്യക്തി പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ എന്നെ പിന്തുടരൂ. ഞാൻ നിങ്ങൾക്ക് വിവേകത്തിന്റെ മാർഗം കാട്ടിത്തരാം.

39. എന്റെ ജനങ്ങളേ, ഈ ഐഹികജീവിതം ഒരു താൽക്കാലിക വിഭവം മാത്രമാണ്. തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം.

40. ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലമെ അവന്നു നൽകപ്പെടുകയുള്ളൂ. സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നതാരോ -പുരുഷനോ സ്ത്രീയോ ആകട്ടെ- അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കുനോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും.

41. എന്റെ ജനങ്ങളേ, എനിക്കെന്തൊരനുഭവം! ഞാൻ നിങ്ങളെ രക്ഷയിലേക്ക് ക്ഷണിക്കുന്നു. നിങ്ങളാകട്ടെ എന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു.

42. ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും എനിക്ക് യാതൊരു അറിവുമില്ലാത്തത് അവനോട് ഞാൻ പങ്കുചേർക്കുവാനും നിങ്ങളെന്നെ ക്ഷണിക്കുന്നു. ഞാനാകട്ടെ, പ്രതാപശാലിയും ഏറെ പൊറുക്കുന്നവനുമായ അല്ലാഹുവിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു.

وَقَالَ فِرْعَوْنُ يَٰهَٰمَٰنُ ٱبْنِ لِى صَرْحًا لَّعَلِّىٓ أَبْلُغُ
ٱلْأَسْبَٰبَ ﴿٣٦﴾

أَسْبَٰبَ ٱلسَّمَٰوَٰتِ فَأَطَّلِعَ إِلَىٰٓ إِلَٰهِ مُوسَىٰ
وَإِنِّى لَأَظُنُّهُۥ كَٰذِبًا ۚ وَكَذَٰلِكَ زُيِّنَ
لِفِرْعَوْنَ سُوٓءُ عَمَلِهِۦ وَصُدَّ عَنِ ٱلسَّبِيلِ ۚ وَمَا
كَيْدُ فِرْعَوْنَ إِلَّا فِى تَبَابٍ ﴿٣٧﴾

وَقَالَ ٱلَّذِىٓ ءَامَنَ يَٰقَوْمِ ٱتَّبِعُونِ
أَهْدِكُمْ سَبِيلَ ٱلرَّشَادِ ﴿٣٨﴾

يَٰقَوْمِ إِنَّمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَا مَتَٰعٌ وَإِنَّ
ٱلْءَاخِرَةَ هِىَ دَارُ ٱلْقَرَارِ ﴿٣٩﴾

مَنْ عَمِلَ سَيِّئَةً فَلَا يُجْزَىٰٓ إِلَّا مِثْلَهَا ۖ وَمَنْ
عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ
وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ يَدْخُلُونَ ٱلْجَنَّةَ
يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ﴿٤٠﴾

وَيَٰقَوْمِ مَا لِىٓ أَدْعُوكُمْ إِلَى ٱلنَّجَوٰةِ
وَتَدْعُونَنِىٓ إِلَى ٱلنَّارِ ﴿٤١﴾

تَدْعُونَنِى لِأَكْفُرَ بِٱللَّهِ وَأُشْرِكَ بِهِۦ مَا
لَيْسَ لِى بِهِۦ عِلْمٌ وَأَنَا۠ أَدْعُوكُمْ إِلَى
ٱلْعَزِيزِ ٱلْغَفَّٰرِ ﴿٤٢﴾

36,37). (ഫിർഔൻ പറഞ്ഞു) മൂസാ നബി (അ)യെ എതിർത്തുകൊണ്ടും ലോകരക്ഷിതാവിനെ അംഗീകരിക്കണമെന്ന പ്രബോധനത്തെ തള്ളിക്കളഞ്ഞുകൊണ്ടും. ലോകരക്ഷിതാവ് സിംഹാസനത്തിൽ ഉപവിഷ്ടനായവനും തന്റെ സൃഷ്ടികളിൽ പരമാധികാരമുള്ളവനുമാണ്. (ഹാമാനേ, എനിക്കുവേണ്ടി നീ ഒരു ഉന്നത സൗധം പണിതുതരൂ) ഉയർന്നുനിൽക്കുന്ന വലിയൊരു കെട്ടിടം. അതിന്റെ ഉദ്ദേശ്യം (എനിക്ക് ആ മാർഗങ്ങളിൽ അഥവാ ആകാശ മാർഗങ്ങളിൽ എത്തിച്ചേരുവാനും എന്നിട്ട് മൂസായുടെ ദൈവത്തിന്റെ അടുത്തേക്ക് എത്തിനോക്കുവാനും. തീർച്ചയായും അവൻ (മൂസാ) കളവ് പറയുകയാണെന്നാണ് ഞാൻ വിചാരിക്കുന്നത്) ആകാശങ്ങൾക്ക് മുകളിൽ ഒരു രക്ഷിതാവുണ്ടെന്നാണല്ലോ അദ്ദേഹത്തിന്റെ വാദം.

എന്നാൽ മൂസാനബി(അ) ഫിർഔനെ സൂക്ഷിക്കാനും കാര്യങ്ങൾ സ്വയം പരീക്ഷിച്ച് മനസ്സിലാക്കാനും വിചാരിച്ചു. ഇത്രയും ധിക്കാരപരമായ ഒരു വാക്ക് പറയാൻ ഫിർഔനിനെ പ്രേരിപ്പിച്ച കാര്യം അല്ലാഹുതന്നെ പറയുന്നു: (അപ്രകാരം ഫിർഔനിന് തന്റെ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിപ്പിക്കപ്പെട്ടു) ദുഷ്പ്രവൃത്തി നല്ലതെന്ന് അവനുതോന്നി. പിശാച് അത് നല്ലതെന്ന് അവന് തോന്നിപ്പിച്ചുകൊണ്ടിരിക്കുകയും അതിലേക്ക് അവനെ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അത് അവന് നല്ലതെന്ന് തോന്നി. ഏറ്റവും വലിയ അസത്യത്തിന്റെയും കുഴപ്പത്തിന്റെയും വക്താവ് സത്യത്തിന്റെ ആളുകളെപ്പോലെ വാദപ്രതിവാദത്തിനൊരുങ്ങി.

(നേരായ മാർഗത്തിൽനിന്ന് അവൻ തടയപ്പെടുകയും ചെയ്തു) അവന് സത്യമായി തോന്നിയ അസത്യം മൂലം യഥാർഥ സത്യത്തിൽനിന്ന് അവൻ തടയപ്പെട്ടു. (ഫിർഔനിന്റെ തന്ത്രം) മൂസാ അസത്യവാദിയും താൻ സത്യവാദിയുമാണെന്ന് സ്ഥാപിക്കാൻ അവൻ സത്യത്തോട് കാണിക്കാൻ വിചാരിച്ച തന്ത്രം. (നഷ്ടത്തിൽ തന്നെയാകുന്നു) നാശവും നഷ്ടവും ഉണ്ടാക്കുന്നത്. ഇഹപര ജീവിതത്തിൽ കഷ്ടതയല്ലാതെ അത് മറ്റൊന്നും നേടിത്തരില്ല.

38 (ആ വിശ്വസിച്ച വ്യക്തി പറഞ്ഞു) ജനങ്ങളോടുള്ള തന്റെ ഉപദേശം ആവർത്തിച്ചുകൊണ്ട്. (എന്റെ ജനങ്ങളേ, നിങ്ങൾ എന്നെ പിൻതുടരൂ. ഞാൻ നിങ്ങൾക്ക് വിവേകത്തിന്റെ മാർഗം കാണിച്ചുതരാം) ഫിർഔൻ പറയുന്നതുപോലെയല്ല, അവൻ പിഴച്ചതും നശിച്ചതുമായ മാർഗത്തിലേക്കല്ലാതെ നിങ്ങളെ നയിക്കില്ല.

39 (എന്റെ ജനങ്ങളേ, ഐഹിക ജീവിതം ഒരു -താൽക്കാലിക-വിഭവം മാത്രമാണ്). അത് അനുഭവിക്കാനും ആസ്വദിക്കാനും കുറച്ചുകാലം മാത്രം. അത് കഴിഞ്ഞാൽ അത് നഷ്ടപ്പെടുകയും നിന്നുപോവുകയും ചെയ്യും. അതിനാൽ നിങ്ങൾ എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടു എന്നത് മറന്ന് നിങ്ങൾ വഞ്ചിതരാവരുത്. (തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം) അതാണ് സ്ഥിരതാമസത്തിന്റെ സ്ഥലം. സമാധാനത്തിന്റെയും നിത്യതയുടെയും ഭവനം. അതിനാണ് നിങ്ങൾ മുൻഗണന നൽകേണ്ടത്. അവിടെ സൗഭാഗ്യം ലഭിക്കാനാവശ്യമായ പ്രവർത്തനങ്ങളാണ് നിങ്ങൾ ചെയ്യേണ്ടത്.

40 (ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ) അനുസരണക്കേടോ, അധർമമോ, ശിർക്കോ, ഏതുമാവട്ടെ (തത്തുല്യമായ പ്രതിഫലമെ അവന് നൽകപ്പെടുകയുള്ളൂ) അതിന് തുല്യമായ വിഷമവും ബുദ്ധിമുട്ടും മാത്രമെ അവന് നൽകൂ. കാരണം തിന്മക്ക് തിന്മയാണല്ലോ പ്രതിഫലം.

(സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നതാരോ-പുരുഷനോ സ്ത്രീയോ ആകട്ടെ-) ഹൃദയംകൊണ്ടും ശരീരംകൊണ്ടുമുള്ള പ്രവർത്തനങ്ങളും നാവുകൊണ്ടുള്ള വാക്കുകളും. (അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്ക് നോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും) എണ്ണമോ പരിധിയോ ഇല്ലാതെ അവർക്ക് പ്രതിഫലം നൽകപ്പെടും. അല്ല, അവരുടെ പ്രവർത്തനംകൊണ്ട് നേടാനാവാത്തത്ര.

41 (എന്റെ ജനങ്ങളേ, എനിക്കെന്തൊരനുഭവം, ഞാൻ നിങ്ങളെ രക്ഷയിലേക്ക് ക്ഷണിക്കുന്നു) ഞാൻ നിങ്ങളോട് പറയുന്ന കാര്യങ്ങളിലൂടെ. (നിങ്ങളാകട്ടെ, എന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു) അല്ലാഹുവിന്റെ പ്രവാചകനായ മൂസാ(അ)യെ പിന്തുടരാതെ.

42 തുടർന്ന് അതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: (ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും എനിക്ക് യാതൊരു അറിവുമില്ലാത്തത് അവനോട് ഞാൻ പങ്ക് ചേർക്കുവാനും നിങ്ങളെന്നെ ക്ഷണിക്കുന്നു) അല്ലാഹു അല്ലാത്തവർ ആരാധിക്കപ്പെടാൻ അർഹരാണെന്ന്. അറിവില്ലാതെ അല്ലാഹുവിനെക്കുറിച്ച് പറയുന്നത് വലിയ പാപവും അപരാധവുമാണ്. (ഞാനാകട്ടെ, പ്രതാപശാലിയിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു) എല്ലാ ശക്തിയുമുള്ളവൻ, അവനല്ലാത്തവരുടെ കൈയിൽ യാതൊരധികാരവുമില്ല. (ഏറെ പൊറുക്കുന്നവൻ) സ്വന്തം ആത്മാക്കളോട് കണക്കില്ലാതെ പാപങ്ങൾ പ്രവർത്തിക്കുകയും അല്ലാഹുവിന്റെ കോപത്തിന് വിധേയമാകുന്ന തെറ്റുകൾക്ക് ധൈര്യം കാണിക്കുകയും ചെയ്തവർ പിന്നീട് പശ്ചാത്തപിക്കുകയും ഖേദിച്ചുമടങ്ങുകയും ചെയ്താൽ അവരുടെ പാപങ്ങളും തെറ്റുകളും അവൻ അവർക്ക് പൊറുത്തുകൊടുക്കുകയും ഇഹപര ശിക്ഷകളിൽനിന്ന് അവരെ തടയുകയും ചെയ്യും.



# നരകത്തിൽനിന്ന് രക്ഷയാകുന്ന ചില കാര്യങ്ങൾ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

ഒരു വിശ്വാസിക്ക് നരകത്തിൽനിന്ന് അല്ലാഹുവിന്റെ ഔദാര്യത്താൽ രക്ഷയാകുന്ന ധാരാളം കാര്യങ്ങൾ പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. അവയിൽ പെട്ട ഏതാനും കാര്യങ്ങൾ മനസ്സിലാക്കാം.

**അല്ലാഹുവിന്റെ സ്നേഹം നേടൽ**

അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കാൻ കഴിയുക എന്നത് മഹാഭാഗ്യമാണ്. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "...അല്ലാഹുവാണേ സത്യം, അല്ലാഹു തന്റെ 'ഹബീബി'നെ ഒരിക്കലും നരകത്തിൽ എറിയുകയില്ല" (അഹ്മദ്)

**'ലാഇലാഹ ഇല്ലല്ലാഹ്' ചൊല്ലൽ**

ഇത്ബാൻ(റ)വിൽനിന്നും നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും അതിലൂടെ അല്ലാഹുവിന്റെ വജ്ഹ് ആഗ്രഹിക്കുകയും ചെയ്തവരെ അല്ലാഹു നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു, തീർച്ച" (ബുഖാരി, മുസ്‌ലിം).

**നിർബന്ധ നമസ്കാരങ്ങൾ യഥാവിധം നിർവഹിക്കൽ**

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ആരെങ്കിലും അഞ്ചു നമസ്കാരങ്ങൾ, അഥവാ അവയുടെ റുകൂഉകളും സുജൂദുകളും സമയങ്ങളും സൂക്ഷിച്ച് യഥാവിധം നിർവഹിക്കുകയും അവ അല്ലാഹുവിൽനിന്നുള്ള ബാധ്യതകളാണെന്ന് അറിയുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." അല്ലെങ്കിൽ അദ്ദേഹം പറഞ്ഞു: "അവന് സ്വർഗം നിർബന്ധമായി." അല്ലെങ്കിൽ അദ്ദേഹം പറഞ്ഞു: "അവൻ നരകത്തിന് നിഷിദ്ധമായി" (അഹ്മദ്).

**“നിങ്ങളിൽ ഒരാളുമില്ല, അവനോട് അല്ലാഹു സംസാരി ക്കാതെ. അവനും അല്ലാഹുവിനുമിടയിൽ യാതൊരു പരിഭാഷകരും ഉണ്ടായിരിക്കില്ല. ഒരാൾ തന്റെ വലതുഭാഗത്തേക്ക് നോക്കും, താൻ കാലേക്കൂട്ടി ചെയ്തതല്ലാതെ അയാൾ യാതൊന്നും കാണില്ല. അയാൾ തന്റെ ഇടതുഭാഗത്തേക്ക് നോക്കും അപ്പോഴും താൻ തനിക്ക് മുൻകൂട്ടി ചെയ്തതല്ലാതെ യാതൊന്നും കാണില്ല. അപ്പോൾ അയാൾ തന്റെ മുന്നിലേക്ക് നോക്കും, തന്റെ മുന്നിൽ നരകമല്ലാതെ യാതൊന്നും കാണില്ല. അതിനാൽ ഒരു കാരക്കയുടെ ചീളുകൊണ്ടെങ്കിലും നിങ്ങൾ നരകത്തെകാക്കുക’’ (ബുഖാരി)**
**-മുഹമ്മദ് നബി (സ്വ)**

### നോമ്പെടുക്കൽ

അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ മാർഗത്തിൽ ഒരാൾ ഒരുദിനം നോമ്പനുഷ്ഠിച്ചാൽ അല്ലാഹു അവന്റെ മുഖത്തെ നരകത്തിൽനിന്ന് എഴുപതു വർഷത്തെ ദൂരത്തേക്ക് അകറ്റും” (ബുഖാരി).

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ മാർഗത്തിൽ ഒരാൾ ഒരുദിനം നോമ്പെടുത്താൽ അല്ലാഹു അവന്റെയും നരകത്തിന്റേയും ഇടയിൽ ആകാശത്തിനും ഭൂമിക്കുമിടയിലെ ദൂരം കണക്ക് ഒരു കിടങ്ങുതീർക്കും” (തിർമിദി).

### ദാനധർമം ചെയ്യൽ

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “നിങ്ങളിൽ ഒരാളുമില്ല, അവനോട് അല്ലാഹു സംസാരിക്കാതെ. അവനും അല്ലാഹുവിനുമിടയിൽ യാതൊരു പരിഭാഷകരും ഉണ്ടായിരിക്കില്ല. ഒരാൾ തന്റെ വലതുഭാഗത്തേക്ക് നോക്കും, താൻ കാലേക്കൂട്ടി ചെയ്തതല്ലാതെ അയാൾ യാതൊന്നും കാണില്ല. അയാൾ തന്റെ ഇടതുഭാഗത്തേക്ക് നോക്കും അപ്പോഴും താൻ തനിക്ക് മുൻകൂട്ടി ചെയ്തതല്ലാതെ യാതൊന്നും കാണില്ല. അപ്പോൾ അയാൾ തന്റെ മുന്നിലേക്ക് നോക്കും, തന്റെ മുന്നിൽ നരകമല്ലാതെ യാതൊന്നും കാണില്ല. അതിനാൽ ഒരു കാരക്കയുടെ ചീളുകൊണ്ടെങ്കിലും നിങ്ങൾ നരകത്തെകാക്കുക” (ബുഖാരി).

### മൃദുലമായി പെരുമാറൽ

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “നരകത്തെ ആർക്ക് നിഷിദ്ധമാകുമെന്നും ആര് നരകത്തിന് നിഷിദ്ധമാകുമെന്നും ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ? ജനങ്ങളോട് അടുത്തും സ്നേഹത്തോടും മൃദുലമായും പെരുമാറുന്നവൻ” (തിർമിദി).

### തനിക്കിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടൽ

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുവാനും സ്വർഗത്തിൽ പ്രവേശിക്കപ്പെടുവാനും ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവനായിരിക്കെ അവനെ തേടി മരണം വരട്ടെ, തന്നിലേക്ക് വന്നെത്തിപ്പെടുവാൻ താൻ ആഗ്രഹിക്കുന്നതുമായി അവൻ ജനങ്ങളിലേക്ക് ചെല്ലുകയും ചെയ്യട്ടെ...”(മുസ്‌ലിം).

### ദിക്റുകൾ വർധിപ്പിക്കൽ

അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: “ആരെങ്കിലും നേരം പുലരുമ്പോൾ, അല്ലെങ്കിൽ വൈകുന്നേരമാകുമ്പോൾ ഇങ്ങനെ പറഞ്ഞാൽ; ‘അല്ലാഹുവേ, ഞാൻ പ്രഭാതത്തിൽ പ്രവേശിച്ചു, ഞാൻ നിന്നെ സാക്ഷിയാക്കുന്നു, നിന്റെ അർശിന്റെ വാഹകരെയും നിന്റെ മലക്കുകളെയും നിന്റെ സകല സൃഷ്ടികളെയും ഞാൻ സാക്ഷിയാക്കുന്നു. നിശ്ചയം, നീയാകുന്നു അല്ലാഹു. യഥാർഥ ആരാധനക്കർഹനായി നീ മാത്രം. നിശ്ചയം, മുഹമ്മദ് നബി(സ്വ) നിന്റെ ദാസനും നിന്റെ ദൂതനുമാകുന്നു.’ (ഇതോടെ) അല്ലാഹു ആ ദിനം അവന്റെ നാലിൽ ഒരു ഭാഗം നരകത്തിൽനിന്ന് മോചിപ്പിക്കും. ഒരാൾ ഇത് രണ്ടുതവണ പറഞ്ഞാൽ അവന്റെ പകുതി നരകത്തിൽനിന്ന് മോചിപ്പിക്കും. ഒരാൾ ഇത് മൂന്നുതവണ പറഞ്ഞാൽ അവന്റെ നാലിൽ മൂന്നുഭാഗം നരകത്തിൽനിന്ന് മോചിപ്പിക്കും. ഇനി ഒരാൾ അത് നാലുതവണ പറഞ്ഞാൽ ആ ദിനം അല്ലാഹു അവനെ നരകത്തിൽനിന്ന് മോചിപ്പിക്കും” (തിർമുദി).

അബൂഹുറയ്റ(റ), അബൂസഈദ്(റ) എന്നിവരിൽനിന്നും നിവേദനം: അവർ രണ്ടുപേരും അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞതിന് സാക്ഷികളായി: “ഒരു അടിമ ‘ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ’ എന്ന് പറഞ്ഞാൽ അല്ലാഹു പറയും:



'എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല; ഞാൻ അക്ബർ (വലിയവൻ) ആകുന്നു.' അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു' എന്ന് പറഞ്ഞാൽ, അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല; ഞാൻ ഏകനാണ്.' അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു, ലാ ശരീകലഹു' എന്ന് പറഞ്ഞാൽ, അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല; എനിക്ക് യാതൊരു പങ്കുകാരും ഇല്ല.' (അടിമ) 'ലാഇലാഹ ഇല്ലല്ലാഹു ലഹുൽമുൽകു വലഹുൽഹംദു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല; എനിക്കുമാത്രമാണ് രാജാധിപത്യവും സർവസ്തുതികളും.' (അടിമ) 'ലാഇലാഹ ഇല്ലല്ലാഹു, വലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാബില്ലാഹ്' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല; ഒരു കഴിവും ചലനശക്തിയും എന്നെക്കൊണ്ടല്ലാതെ ഇല്ല." അദ്ദേഹം പറയുമായിരുന്നു: 'ആരെങ്കിലും തന്റെ രോഗാവസ്ഥയിൽ ഇത് പറയുകയും പിന്നീട് മരണപ്പെടുകയും ചെയ്താൽ അയാളെ തീ തിന്നുകയില്ല" (ഇബ്നു മാജ).

മറ്റൊരു റിപ്പോർട്ടിൽ "ആർക്കെങ്കിലും തന്റെ മരണ സന്ദർഭത്തിൽ (ചൊല്ലുവാൻ) ഇവ പ്രദാനം ചെയ്യപ്പെട്ടാൽ അയാളെ നരകം സ്പർശിക്കുകയില്ല" എന്നു കാണാം (മുസ്ലിം)

**അല്ലാഹുവിനെ ഭയന്ന് കരയൽ**

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അല്ലാഹുവിനെ ഭയന്ന് കരയുന്ന ഒരാൾ, (കറന്നെടുത്ത) പാൽ അകിട്ടിൽ തിരിച്ചു പ്രവേശിക്കുന്നതുവരെ നരകത്തിൽ പ്രവേശിക്കില്ല. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുമ്പോൾ മേൽ പറ്റിയ പൊടിപടലങ്ങളും നരകത്തിലെ പുകയും ഒരുമിച്ച് കൂടുകയില്ല" (തിർമുദി).

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "മൂന്നുകൂട്ടർ, അവരുടെ കണ്ണുകൾ നരകം കാണില്ല. ഒരു കണ്ണ് അല്ലാഹുവിന്റെ മാർഗത്തിൽ കാവൽനിന്നു, ഒരുകണ്ണ് അല്ലാഹുവിനെ ഭയന്ന് കരഞ്ഞു, ഒരുകണ്ണ് അല്ലാഹു നിഷിദ്ധമാക്കിയവയിൽ നിന്ന് തടഞ്ഞു" (ത്വബറാനി).

**അന്യരുടെ അഭിമാനം കാക്കൽ**

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "തന്റെ സഹോദരന്റെ അഭിമാനത്തെ ആരെങ്കിലും പ്രതിരോധിച്ചാൽ അന്ത്യനാളിൽ അല്ലാഹു അവന്റെ മുഖത്തുനിന്നും നരകത്തെ തടുക്കും" (തിർമുദി).

**ദുഹ്റിന്റെ സുന്നത്ത് നമസ്കാരങ്ങൾ നിലനിർത്തൽ**

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ആരെങ്കിലും ദുഹ്റിന് മുമ്പ് നാല് റക്അത്തുകളും ശേഷം നാല് റക്അത്തുകളും നിത്യമായി നിർവഹിക്കുകയാണെങ്കിൽ അല്ലാഹു അയാൾക്ക് നരകം നിഷിദ്ധമാക്കും" (തിർമുദി).

**നരകത്തിൽനിന്ന് രക്ഷതേടൽ**

പരമകാരുണികനായ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരുടെ പ്രാർഥനയായി അല്ലാഹു പറയുന്നു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു" ( ക്വുർആൻ 25: 65, 66).

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹുവിന് വഴികളിൽ ചുറ്റിസഞ്ചരിക്കുന്ന മലക്കുകളുണ്ട്. അവർ ദിക്ർ എടുക്കുന്നവരെ അന്വേഷിക്കും. ദിക്ർ എടുക്കുന്ന ഒരു വിഭാഗത്തെ കണ്ടാൽ അവർ പരസ്പരം വിളിച്ചുകൊണ്ട് പറയും: 'നിങ്ങളുടെ ആവശ്യത്തിലേക്ക് വന്നാലും.' (പ്രവാചകൻ) പറഞ്ഞു: 'അവർ (മലക്കുകൾ) ഭൗമാന്തരീക്ഷത്തോട് അടുത്ത ആകാശംവരെ ഇവരെ തങ്ങളുടെ ചിറകുകൾ കൊണ്ട് പൊതിഞ്ഞുനിൽക്കും.' (പ്രവാചകൻ) പറയുന്നു: 'അപ്പോൾ അവരുടെ രക്ഷിതാവ് അവരോട് ചോദിക്കും (അവന് അവരെക്കുറിച്ച് നന്നായി അറിയാം): 'എന്റെ ദാസന്മാർ എന്താണ് പറയുന്നത്?' .....അല്ലാഹു ചോദിക്കും: 'അവർ ഏതൊന്നിൽനിന്നാണ് അഭയം തേടുന്നത്?' അവർ പറയും: 'നരകത്തിൽ നിന്ന്.' അല്ലാഹു പറയും: 'അവർ അത് (നരകം) കണ്ടിട്ടുണ്ടോ?' അവർ പറയും: 'അല്ലാഹുവാണെ സത്യം, രക്ഷിതാവേ, ഇല്ല. അവർ കണ്ടിട്ടില്ല.' അല്ലാഹു പറയും: 'അവർ അത് (നരകം) കണ്ടിരുന്നുവെങ്കിൽ എങ്ങനെയായിരിക്കും?' അവർ പറയും: 'അവർ അത് കണ്ടിരുന്നുവെങ്കിൽ അതിൽ നിന്ന് അവർ കൂടുതൽ ഓടിയകലുമായിരുന്നു, വല്ലാതെ അതിനെ ഭയക്കുമായിരുന്നു.' അല്ലാഹു പറയും: 'മലക്കുകളേ, നിങ്ങളെ ഞാൻ സാക്ഷിയാക്കുന്നു. ഞാൻ അവർക്ക് പൊറുത്തുകൊടുത്തിരിക്കുന്നു" (മുസ്ലിം).

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ഒരാൾ അല്ലാഹുവിനോട് മൂന്നു തവണ സ്വർഗം ചോദിച്ചാൽ, സ്വർഗം പറയും: 'അല്ലാഹുവേ, ഇയാളെ നീ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ.' ഒരാൾ അല്ലാഹുവിനോട് മൂന്നുതവണ നരകത്തിൽനിന്ന് രക്ഷതേടിയാൽ നരകം പറയും: 'അല്ലാഹുവേ, ഇയാൾക്ക് നീ നരകത്തിൽനിന്ന് രക്ഷനൽകേണമേ" (തിർമുദി).

അല്ലാഹുവിന്റെ റസൂൽ(സ്വ) സദാ പ്രാർഥിക്കാറുള്ളതായി ഹദീഥുകളിൽ ഇപ്രകാരം വന്നിരിക്കുന്നു: "അല്ലാഹുവേ, ക്വബ്ർ ശിക്ഷയിൽനിന്നും നരകശിക്ഷയിൽനിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽനിന്നും മസീഹുദ്ദജ്ജാലിന്റെ പരീക്ഷണ കെടുതിക ളിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു"(ബുഖാരി)

പ്രതികരണം



# നയം വ്യക്തമാക്കാതെ പാഠപുസ്തക രചനയിലേക്ക് പ്രവേശിച്ചത് ആശങ്കാജനകം

**ടി.കെ അശ്റഫ്**
: 81118 07199

സ്കൂൾ പാഠപുസ്തക രചന തുടങ്ങിയതായി വാർത്ത കണ്ടു. 2024-25 അധ്യയന വർഷത്തേക്കുള്ള 1, 3, 5, 7 ,9 ക്ലാസ്സുകളിലെ പുതിയ പാഠപുസ്തകങ്ങളുടെ രചനക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ പൊതുസമൂഹവുമായി നടത്തിയ ജനകീയ ചർച്ചയ്ക്ക് ശേഷമാണ് പുതിയ പാഠ്യപദ്ധതിയും പുസ്തകങ്ങളും സർക്കാർ തയ്യാറാക്കുന്നത്.

സാമൂഹ്യ ചർച്ചയ്ക്ക് വേണ്ടി സമർപ്പിച്ച കരട് രേഖയിൽ ജെൻഡർ സാമൂഹിക നിർമിതിയാണ് എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ആശയങ്ങൾ വികസിപ്പിച്ചിരുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ ജെൻഡർ ന്യൂട്രൽ യൂണിഫോം വിവാദമായിരുന്നു. സ്കൂൾ ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കണമെന്നും എൽ.ജി.ബി.ടി.ക്യു പോലുള്ള വിഭാഗങ്ങളെ നിരുപാധികം ഉൾച്ചേർക്കണമെന്നും യുക്തിചിന്തക്ക് പ്രോത്സാഹനം നൽകണമെന്നും അടക്കമുള്ള നിർദേശങ്ങൾ സാമൂഹിക ചർച്ചയിൽ വൻവിമർശനങ്ങൾ നേരിട്ടതാണ്. ലിംഗനീതി എന്നതിന് പകരം ലിംഗസമത്വം എന്ന അപ്രായോഗികമായ ആശയവും പ്രതിഷേധം വിളിച്ചുവരുത്തിയതാണ്.

എതിർവർഗ ലൈംഗികതയാണ് സ്വാഭാവികത എന്ന യാഥാർഥ്യത്തെ പൊതുബോധത്തിൽനിന്നും ഇല്ലായ്മ ചെയ്യാനും ഇതല്ലാത്ത ഒട്ടേറെ ലൈംഗിക പരികല്പനകളും സ്വാഭാവികം തന്നെയാണ് എന്ന് വരുത്തിത്തീർക്കാനുമുള്ള ശ്രമങ്ങളാണ് കരട് രേഖയിൽ കടന്നുകൂടിയിരുന്നത്. ഹെറ്ററോനോർമേറ്റീവിറ്റി എന്ന നിലവിലുള്ള കുടുംബജീവിത കാഴ്ചപ്പാടിനെ അട്ടിമറിച്ച് ഹോമോസെക്ഷ്യാലിറ്റിയിലേക്ക് പറിച്ചുനടുന്നതിന്റെ തെളിവായി മന്ത്രി ആർ. ബിന്ദുവിന്റെ ട്വീറ്റും വലിയ ചർച്ചയായതാണ്. എന്നാൽ ഇന്നുവരെയും മന്ത്രി വിവാദ ആശയം തിരുത്തിയതായി എവിടെയും കണ്ടിട്ടില്ല. നിയമസഭയിൽ ഇക്കാര്യം ചർച്ചയ്ക്ക് വന്നപ്പോഴും ജെൻഡർ സാമൂഹിക നിർമിതിയാണ് എന്ന നിലപാട് തന്നെയാണ് എഴുതി വായിച്ച മറുപടിയിൽ വിദ്യാഭ്യാസ മന്ത്രി അഡ്വ.ഷംസുദ്ദീൻ എം.എൽ.എക്ക് നൽകിയതും.

ഈ ആശയക്കുഴപ്പങ്ങളെല്ലാം നിലനിർത്തിക്കൊണ്ടാണ് പാഠ്യപദ്ധതി രചനയിലേക്ക് വിദ്യാഭ്യാസ വകുപ്പ് പ്രവേശിക്കുന്നത്! 850 പേർ സംഘങ്ങളായി തിരിഞ്ഞുള്ള പുസ്തക രചന ഒക്ടോബറിൽ പൂർത്തിയാകുമെന്നും നവംബറിൽ അച്ചടി ആരംഭിക്കുമെന്നും പറയുന്നുണ്ട്.

വിവാദ വിഷയങ്ങളിൽ സർക്കാറിന് ലഭിച്ച വിമർശനങ്ങളോട് എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചതെന്ന് പുസ്തകം പ്രിന്റ് ചെയ്യുന്നതിന് മുമ്പുതന്നെ വ്യക്തമാക്കണം. അല്ലാത്തപക്ഷം, ജനകീയ ചർച്ച പ്രഹസനമായിരുന്നു എന്ന മുൻ ആക്ഷേപത്തെ സത്യപ്പെടുത്തലാകും സംഭവിക്കുക. വിവാദവിഷയങ്ങൾ ഉൾപ്പെടുത്തി പുസ്തകം പ്രസിദ്ധീകരിച്ച ശേഷം സമരങ്ങൾ വിളിച്ചുവരുത്തുന്നതും മാറ്റം വരുത്തുന്നതും വിദ്യാഭ്യാസ മേഖലയ്ക്ക് കനത്ത പ്രഹരമേൽപിക്കും. കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുകയും ചെയ്യും. അതിനാൽ ഈ വിഷയത്തിൽ എത്രയും വേഗം വിദ്യാഭ്യാസ മന്ത്രി നയം വ്യക്തമാക്കണമെന്ന് അഭ്യർഥിക്കുന്നു. അധ്യാപക സംഘടനകളും വിദ്യാഭ്യാസ വിചക്ഷണരും ഇക്കാര്യത്തിൽ ജാഗ്രത കൈകൊള്ളുകയും വേണം. ■



# തടവറയിൽനിന്ന് പ്രകാശത്തിലേക്ക്

**മുബാറക് തിരൂർക്കാട്**
: 95391 14860

പള്ളിയിൽ വെച്ചാണ് അയാളെ കണ്ടുമുട്ടിയത്. സലാം പറഞ്ഞു. വിശദമായി സംസാരിക്കണമെന്ന് തോന്നി. പാലക്കാട് ജില്ലയിലെ ഒരു മലയോര ഗ്രാമത്തിൽ ജനിച്ചു വളർന്നു. ഹൈന്ദവ സമുദായത്തിലായിരുന്നു നാലഞ്ചുവർഷം മുമ്പുവരെ. മാറ്റത്തിന്റെ കഥയറിയാൻ സ്വാഭാവികമായും എനിക്ക് ആകാംക്ഷയുണ്ടായി. അയാൾ പറഞ്ഞു തുടങ്ങി:

“യൗവനം ചീത്ത കൂട്ടുകെട്ടുകളിലായിരുന്നു. ചോരത്തിളപ്പിന്റെ കാലം. അച്ഛൻ ആശാരിയായിരുന്നു. ജീവിതം ആസ്വദിക്കണമെന്ന ചിന്ത. അതിനു പണം വേണം. ലഹരി ആസ്വദിക്കണമെങ്കിലും ചെലവുണ്ട്. അങ്ങനെ കൂട്ടുകാരുടെ കൂട്ടത്തിൽ പല തെറ്റായ വഴികളിലൂടെയും പോയി. അപകടം പിടിച്ച വഴികളായിരുന്നു മിക്കതും. മിടുക്കനായ ഡ്രൈവറായിരുന്നു ഞാൻ. പണം പലവഴിക്കും വന്നു തുടങ്ങി. പലപ്പോഴും പോലീസിന്റെ പിടിയിലായി. അതിനിടയിൽ ഒരു പെണ്ണിനെ കണ്ടു ലോഹ്യത്തിലായി. അവളെ ജീവിതസഖിയാക്കി.

ചുരുക്കിപ്പറയാമല്ലോ, വഴിവിട്ട ജീവിതം ജയിലിലെത്തിച്ചു. സെൻട്രൽ ജയിൽ. അത് മറ്റൊരു ലോകമാണ്. കുറ്റവാളികളുടെ ലോകം. പത്തും ഇരുപതും വർഷമായി അവിടെ കഴിയുന്നവർ ധാരാളം. ഇടയ്ക്കിടെ വന്നുപോകുന്നവരും ഉണ്ട്. ഓരോരോ ബ്ലോക്കുകളാണ്. ഓരോ ബ്ലോക്കിനും ജയിൽ ഉദ്യോഗസ്ഥർക്ക് പുറമെ ജയിൽപുള്ളികളിൽനിന്ന് ഓരോ ലീഡർ ഉണ്ടാകും. സ്കൂളിൽ ഓരോ ക്ലാസ്സിനും ഓരോ ലീഡർ ഉണ്ടാകുമല്ലോ, അതുപോലെ. ജയിലിനകത്തെ ആ ബ്ലോക്കിലെ പുള്ളികളുടെ ഒരു മേൽനോട്ടക്കാരനുണ്ട്, ഭക്ഷണവിതരണം അയാളുടെ നേതൃത്വത്തിലാണ്. മരുന്നുകളും അങ്ങനെ. ആഴ്ചയിൽ ഫോൺ വിളിക്കാനനുവാദമുണ്ട്. അതും ലീഡറാണ് കൈകാര്യം ചെയ്യുക. ഓരോ ബ്ലോക്കി

**പുതിയ തടവുകാരൻ എനിക്ക് ഒരു ഖുർആൻ പരിഭാഷ തന്നു. ഞാനത് വായിക്കാനാരംഭിച്ചു. പ്രഥമ അധ്യായം തന്നെ എന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. വായന... വായനതന്നെ! എന്റെ മനസ്സ് തണുത്തു. ഒരു തീരത്തണഞ്ഞതുപോലെ. ഖുർആനിലെ വൈവിധ്യമാർന്ന വിഷയങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. വല്ലാത്തൊരു ശൈലി, ദൈവം നമ്മോട് സംസാരിക്കുന്നത് പോലെ... ഖുർആൻ പലതവണ ആവർത്തിച്ചു വായിച്ചു, എന്റെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തി. സംശയങ്ങൾ തീർന്നു. ഞാൻ ശഹാദത്ത് കലിമ ചൊല്ലി. വുദൂഅ് ചെയ്യലും നമസ്കാരത്തിൽ ചൊല്ലുന്നതുമൊക്കെ ഞാൻ പഠിച്ചു. ബൈബിളിലെ ചില വചനങ്ങളെപ്പറ്റി ഞാൻ വിശദീകരണമാരാഞ്ഞിരുന്നല്ലോ. അത് അന്ത്യ പ്രവാചകനായ മുഹമ്മദ് നബി(സ്വ)യെ കുറിച്ചാണെന്ന് പിന്നീടുള്ള പഠനത്തിൽ എനിക്ക് ബോധ്യപ്പെട്ടു**

നും ഓരോ പാറാവുകാരനുണ്ടാകും. അതിനു ചെറിയ വേതനവും കിട്ടും. അത് സ്വരൂപിച്ച് വീട്ടുകാർക്കയച്ചു കൊടുക്കാം.

കാരാഗൃഹവാസത്തിന്റെ മാസങ്ങൾ അഞ്ചു കഴിഞ്ഞു. എന്റെ അവസ്ഥയെപ്പറ്റി ചിന്ത വന്നു. ഒരു ദിവസം രാത്രി ഉറക്കം വരാതെ പായിലിരിക്കുകയാണ് ഞാൻ. കഴിഞ്ഞകാല ജീവിതത്തെപ്പറ്റി ഓർത്തുനോക്കി. സ്നേഹമയിയായ ഭാര്യയുടെ അവസ്ഥ മനസ്സിൽ വല്ലാതെ വിഷമമുണ്ടാക്കി. അവൾ ഗർഭിണിയാണ്. ഈ അവസ്ഥയിൽ ഞാൻ ഇവിടെയും. ഇവിടെനിന്ന് ഞാനെന്നു പുറത്തിറങ്ങും? ആർക്കറിയാം! ദൈവമേ! അവൾ പ്രസവിക്കുമ്പോൾ ഞാൻ അടുത്തു വേണ്ടേ?

കടന്നുവന്ന വഴികളെപ്പറ്റിയായി അപ്പോൾ ചിന്ത. പല തെറ്റുകുറ്റങ്ങളും ചെയ്തു. പണമുണ്ടാക്കണമെന്ന ഒരൊറ്റ ചിന്തയേ അന്നുണ്ടായിരുന്നുള്ളൂ. ആപൽക്കരമായ വഴികളിലൂടെ പോകുമ്പോൾ വരുംവരായ്കയെപ്പറ്റി ഓർത്തില്ല. ഇപ്പോൾ കൊടുംകുറ്റവാളിക്കൂട്ടത്തിലും. ഇനിയെന്തു ചെയ്യും? ഞാനൊരു അച്ഛനായിത്തീരുമ്പോൾ... ഭാര്യക്ക് കൂട്ടായിരിക്കേണ്ട ഞാൻ...! എന്തൊരു ദൗർഭാഗ്യം! ചെയ്ത തെറ്റുകളോർത്ത് ആദ്യമായി ഖേദിച്ചു. ആ സങ്കടം മനസ്സിനെ കുത്തിനോവിച്ചു. അറിയാവുന്ന ദൈവങ്ങളെയൊക്കെ വിളിച്ചു. വലിയ പശ്ചാത്താപം തോന്നി. പത്രക്കടലാസുകളിലും മറ്റും വരുന്ന ദൈവങ്ങളുടെ ചിത്രങ്ങൾ ഞാൻ കീറിയെടുത്തു. ചോറിൽനിന്ന് കുറച്ച് വറ്റെടുത്ത് തേച്ച് ആ ചിത്രങ്ങൾ ചുമരിൽ ഒട്ടിച്ചു. ആ ചിത്രങ്ങൾക്കുമുന്നിൽ ഇരുന്ന് ഞാൻ കണ്ണടച്ച് പ്രാർഥിച്ചു. നീറുന്ന മനസ്സുമായി ഞാനങ്ങനെ കഴിച്ചുകൂട്ടുകയാണ്.

ആയിടക്ക് എന്നെ മറ്റൊരു സെല്ലിലേക്ക് മാറ്റി. ലീഡറുമായി ഞാൻ ചെറുതായി ഒന്ന് ഉടക്കിയതാണ് കാരണം. ആ സെല്ലിലുള്ളത് എയിഡ്സ് രോഗിയാണെന്ന് ഞാൻ അറിഞ്ഞില്ല. അയാളെ പരിചയപ്പെട്ടു. ക്രിസ്ത്യാനിയാണ്, കൊലക്കേസ് പ്രതി. വിവരങ്ങൾ പങ്കുവെക്കുന്നതിനിടയിൽ അയാൾ കരഞ്ഞു. ഞാൻ പറഞ്ഞു: 'കരയേണ്ട, ശിക്ഷ കഴിഞ്ഞു നമ്മൾ പുറത്തിറങ്ങുമല്ലോ. അപ്പോൾ നമുക്ക് ജീവിതം തുടരാം, അതുവരെ ക്ഷമയോടെ ഇവിടെ കഴിച്ചുകൂട്ടാം.' അയാൾ പ്രതിവചിച്ചു: 'സുഹൃത്തേ, നിങ്ങൾ പുറത്തിറങ്ങിയാൽ നിങ്ങൾക്ക് ഒരു ജീവിതമുണ്ട്. ആ പ്രതീക്ഷയിൽ നിങ്ങൾക്കിവിടെ കഴിഞ്ഞുകൂടാം, എനിക്കങ്ങനെ ഒരു പ്രതീക്ഷയില്ല.' ഞാൻ ചോദിച്ചു: 'അതെന്താ, നിങ്ങൾക്ക് പ്രതീക്ഷയില്ലേ? കൊല്ലങ്ങൾ കഴിഞ്ഞാലും പുറത്തിറങ്ങാനാവില്ലേ?' ആ യുവാവ് കരഞ്ഞുകൊണ്ട് പറഞ്ഞു: 'ഞാനൊരു എയിഡ്സ് രോഗിയാണ്, എനിക്കിനി അധികകാലം ജീവിതമില്ല. ഞാൻ ഇടക്ക് വയലന്റാകും. അന്നേരം അടുത്തുള്ളവരെ മാന്തുകയും പിച്ചുകയും കടിക്കുകയുമൊക്കെ ചെയ്യും.' ഞാൻ ശരിക്കും ഞെട്ടിത്തരിച്ചു.

അയാൾ തുടർന്നു: 'എന്നോട് സൗഹൃദത്തിൽ സംസാരിക്കുന്ന ആദ്യത്തെ ആളാണ് നിങ്ങൾ. ഭയപ്പെടേണ്ട, ഞാൻ അറിഞ്ഞു

കൊണ്ട് നിങ്ങളെ ഉപദ്രവിക്കില്ല.' തൽക്കാലം എനിക്കാശ്വാസമായി.

ഞാൻ എന്റെ അവസ്ഥകളെക്കുറിച്ച് പറഞ്ഞു. കൂട്ടത്തിൽ എന്നെ അലട്ടിയിരുന്ന പ്രധാന പ്രശ്നം വ്യക്തമാക്കി. "ജീവിതത്തിൽ പല തെറ്റുകളും ചെയ്തു. അന്ന് അതിനെപ്പറ്റി ഗൗരവത്തോടെ മനസ്സിലാക്കിയില്ല. പണമുണ്ടാക്കണമെന്ന ഒറ്റ ചിന്തയേ അന്നുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അതെല്ലാം തെറ്റുകളും പാപങ്ങളുമാണെന്ന് ഞാൻ തിരിച്ചറിയുന്നു. ദൈവം എനിക്ക് അതെല്ലാം പൊറുത്ത് തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് പശ്ചാതപിക്കണം. ഞാൻ ദൈവങ്ങളുടെ ഫോട്ടോകൾ വെച്ച് പ്രാർഥിക്കുന്നുണ്ട്. ഈ ദൈവങ്ങൾ ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ? അറിയുന്നുണ്ടോ? എനിക്ക് ഒരു ഉറപ്പുമില്ല.'

അപ്പോൾ അയാൾ പറഞ്ഞു: 'അതിനു മാർഗങ്ങളുണ്ട്, നീ ക്രിസ്ത്യാനിയായി മാറുക. എല്ലാ പാപങ്ങളും യേശു പൊറുക്കും. ഞായറാഴ്ച ജയിലിനകത്തെ കനീസയിൽ പാതിരിയും കന്യാസ്ത്രീകളുമൊക്കെ വരും. അവരോട് സംസാരിക്കാം. തീർച്ചയായും പരിഹാരം അവർ പറഞ്ഞു തരും.' ഞാൻ സമ്മതിച്ചു. ജയിലിലെ വിശാലമായ കോമ്പൗണ്ടിനകത്ത് ക്രിസ്ത്യാനികൾക്ക് പ്രാർഥിക്കാൻ കനീസയും ഹിന്ദുക്കൾക്ക് ആരാധിക്കാൻ ക്ഷേത്രവും മുസ്‌ലിംകൾക്ക് പള്ളിയുമുണ്ട്.

അങ്ങനെ ഞായറാഴ്ചയെത്തി. ഞങ്ങൾ രണ്ടുപേരും കനീസയിലെത്തി. കന്യാസ്ത്രീകൾ ഉപഹാരങ്ങളുമായി ജയിൽപുള്ളികളെ കാത്തിരിക്കുകയായിരുന്നു. ഞാൻ എന്റെ പ്രശ്നം ഉന്നയിച്ചു. ഒരു കന്യാസ്ത്രീ പറഞ്ഞു: 'മകനേ, നമ്മുടെ രക്ഷകൻ യേശുവാണ്. സകല മനുഷ്യരുടെയും പാപങ്ങൾ യേശു ഏറ്റെടുത്തിരിക്കുന്നു. കുരിശിലേറിയത് അതിനാണ്. അതുകൊണ്ട് യേശുവിൽ വിശ്വസിക്കുക, സമാധാനിക്കുക.'



എനിക്ക് വായിക്കാൻ ബൈബിൾ തന്നു. ഞാൻ വായിച്ചു. സത്യാന്വേഷണമായിരുന്നല്ലോ. സന്മാർഗം ഏതാണെന്ന് തിരയുന്ന സമയമായതുകൊണ്ട് എന്റെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം തേടുകയായിരുന്നു ഞാൻ. പല പുതിയ ചോദ്യങ്ങളും സംശയങ്ങളും ഉടലെടുത്തു. എന്റെ മനസ്സിനെ വല്ലാതെ പിടിച്ചു നിർത്തിയ വചനങ്ങൾ ഇതാണ്: 'ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നീ എവിടെ പോകുന്നു എന്ന് നിങ്ങൾ ആരും എന്നോട് ചോദിക്കുന്നില്ല. എങ്കിലും ഇത് നിങ്ങളോട് സംസാരിക്കകൊണ്ട് നിങ്ങളുടെ ഹൃദയത്തിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു, ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും. അവൻ വന്ന് പാപത്തെ കുറിച്ചും നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്ക കൊണ്ട് പാപത്തെ കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകുകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നത് കൊണ്ട് നീതിയെ കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്ക കൊണ്ട് ന്യായവിധിയെ കുറിച്ചും തന്നെ. ഇനിയും വളരെ നിങ്ങളോട് പറയുവാൻ ഉണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും" (യോഹന്നാൻ 5-3).

ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നത് വരാനുള്ള ഒരു കാര്യസ്ഥനും അദ്ദേഹത്തിന്റെ പ്രത്യേകതകളുമാണ്. അതാരാണെന്ന് ഞാൻ എന്റെ കൂട്ടുകാരനോട് ചോദിച്ചു. 'അതൊന്നും നീയത്ര കാര്യമാക്കേണ്ട. നിനക്ക് നിർബന്ധമാണെങ്കിൽ അടുത്ത പ്രാവശ്യം കന്യാസ്ത്രീകളോടും മറ്റും ചോദിക്കുക' എന്നായിരുന്നു അവന്റെ പ്രതികരണം.

അങ്ങനെ ഞങ്ങൾ കനീസയിൽ വെച്ച് സുവിശേഷ പ്രവർത്തകരുടെ മുൻപിൽ സംശയമുന്നയിച്ചു. അവിടെനിന്നും കിട്ടിയ മറുപടി ഇപ്രകാരമായിരുന്നു: "അത്രയൊന്നും ആഴത്തിൽ ചിന്തിക്കേണ്ട, പാപം പൊറുക്കുന്നവൻ യേശുവാണ്, എല്ലാം യേശുവിൽ അർപ്പിക്കുക, അതുമാത്രമാണ് ഏക രക്ഷാമാർഗം."

ചിന്തിക്കേണ്ട എന്ന് പറഞ്ഞാൽ നടക്കുമോ? ഞാൻ ചിന്തിച്ചു. നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തണം. അവ യുക്തിസഹമായിരിക്കണം അപ്പോഴേ മനസ്സടങ്ങുകയുള്ളൂ

ഞാൻ മുസ്‌ലിം തടവുകാരെ സമീപിച്ചു. അവരുമായി ബന്ധം സ്ഥാപിച്ചു. മുസ്‌ലിംകൾക്ക് വിഗ്രഹങ്ങളോ പ്രതിമകളോ ഇല്ല എന്ന് എനിക്ക് നേരത്തെ അറിയാം. അല്ലാഹുവിനെയാണ് അവർ ആരാധിക്കുന്നത്. ഇതിന്നിടയിൽ കിട്ടിയതൊക്കെ ഞാൻ വായിക്കുന്നുണ്ട്. സനാതന ധർമത്തെക്കുറിച്ചുള്ള ഒരു പുസ്തകം വായിച്ചു. അന്വേഷണവും വായനയും തുടർന്നുകൊണ്ടിരിക്കുകയാണ്.

ഒരു ദിവസം നേരം പുലരാറാകുന്നതേയുള്ളൂ. ഞാൻ ഉണർന്നു കിടക്കുകയാണ്. അകലെനിന്നും ബാങ്കുവിളി കേട്ടു. അതെന്നെ സ്പർശിച്ചു. ഒരു മുസ്‌ലിം തടവുകാരനോട് ഞാൻ അതിന്റെ അർഥമെന്താണെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: 'അതൊക്കെ അറിഞ്ഞിരുന്നുവെങ്കിൽ ഞാനൊക്കെ ഇവിടെ എത്തുമായിരുന്നോ?'

മുസ്‌ലിം തടവുകാർ ഒരുമിച്ചുകൂടി നമസ്കരിക്കുന്നത് ഞാൻ ശ്രദ്ധിക്കാൻ തുടങ്ങി. എനിക്കും അവരുടെ കൂടെ കൂടാൻ തോന്നി. അവരുടെ നമസ്കാരത്തിന്റെ ഒടുവിലാണ് ഞാൻ അവരോടൊപ്പം ചേർന്നത്. അവർ ചെയ്യുന്നത് പോലെ ഞാനും ചെയ്തു. നമസ്കാരം കഴിഞ്ഞു. എന്റെ അടുത്തിരുന്നയാൾ ചോദിച്ചു: 'നീ ബാക്കി നമസ്കരിക്കുന്നില്ലേ?' 'എന്ത് ബാക്കി' എന്നായി ഞാൻ. നഷ്ടപ്പെട്ട റക്അത്തുകൾ നമസ് കരിച്ചു പൂർത്തിയാക്കണമെന്നെനിക്കറിയില്ലല്ലോ. അയാളോട് ഞാൻ കാര്യം പറഞ്ഞു: 'ഞാൻ മുസ്‌ലിമല്ല, നിങ്ങൾ നമസ്കരിക്കുന്നത് കണ്ടപ്പോൾ നമസ്കരിക്കാൻ തോന്നി നിങ്ങളോടൊപ്പം നിന്നു എന്നേയുള്ളൂ.'

ആയിടക്കാണ് ഒരു പുതിയ തടവുകാരൻ ജയിലിൽ എത്തിയത്. മുസ്‌ലിമാണെന്ന് മനസ്സിലായി. വിവരമുള്ള ആളാണെന്ന് സംസാരത്തിൽനിന്നും ബോധ്യപ്പെട്ടു. ദൈവം എല്ലാം സൂക്ഷ്മമായി കാണുന്നവനും കേൾക്കുന്നവനും ആണെന്നും അവനോടു മാത്രമെ പ്രാർഥിക്കാൻ പാടുള്ളൂ എന്നും അയാൾ എന്നോട് പറഞ്ഞു. എല്ലാ തരത്തിലുള്ള ആരാധനകൾക്കും യഥാർഥ അവകാശി ആ ഏക ദൈവമാണ്. സകല മനുഷ്യരെയും ജീവജാലങ്ങളെയും സൃഷ്ടിച്ചു സംരക്ഷിക്കുന്ന സ്രഷ്ടാവാണവൻ. സൂര്യനും ചന്ദ്രനും ഭൂമിയും ഈ മഹാപ്രപഞ്ചമാസകലവും അവന്റെ നിയന്ത്രണത്തിലാണ്. നമ്മുടെ ജീവിതവും മരണവും അവന്റെ കൈകളിലാണ്. പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ ആത്മാർഥമായി പശ്ചാതപിക്കണം. ഇനി ആവർത്തിക്കില്ലെന്നുറപ്പിച്ചു സൽകർമങ്ങൾ പ്രവർത്തിച്ചു ജീവിതം മുന്നോട്ട് പോകണം. മരണശേഷം രണ്ടാമതൊരു ജീവിതമുണ്ട്. അതാണ് യഥാർഥ ജീവിതം. കർമങ്ങൾക്ക് കൃത്യമായ പ്രതിഫലം അവിടെ ലഭിക്കും. നല്ലവനായി, ദൈവിക നിർദേശങ്ങൾക്കനുസരിച്ചു ജീവിച്ചാൽ സ്വർഗം, അല്ലെങ്കിൽ നരകം.'

അയാൾ എനിക്ക് ഒരു ക്വുർആൻ പരിഭാഷ തന്നു. ഞാനത് വായിക്കാനാരംഭിച്ചു. പ്രഥമ അധ്യായം തന്നെ എന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. വായന... വായനതന്നെ! എന്റെ മനസ്സ് തണുത്തു. ഒരു തീരത്തണഞ്ഞതുപോലെ. ക്വുർആനിലെ വൈവിധ്യമാർന്ന വിഷയങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. വല്ലാത്തൊരു ശൈലി, ദൈവം നമ്മോട് സംസാരിക്കുന്നത് പോലെ...

ക്വുർആൻ പലതവണ ആവർത്തിച്ചു വായിച്ചു, എന്റെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തി. സംശയങ്ങൾ തീർന്നു. ഞാൻ ശഹാദത്ത് കലിമ ചൊല്ലി. വുദൂഅ് ചെയ്യലും നമസ്കാരത്തിൽ ചൊല്ലുന്നതുമൊക്കെ ഞാൻ പഠിച്ചു.

ബൈബിളിലെ ചില വചനങ്ങളെപ്പറ്റി ഞാൻ വിശദീകരണമാരാഞ്ഞിരുന്നല്ലോ. അത് അന്ത്യ പ്രവാചകനായ മുഹമ്മദ് നബി(സ്വ)യെ കുറിച്ചാണെന്ന് പിന്നീടുള്ള പഠനത്തിൽ എനിക്ക് ബോധ്യപ്പെട്ടു.

ശിക്ഷാ കാലാവധി കഴിഞ്ഞ് ഞാൻ ജയിലറയിൽനിന്ന് പുറത്തുവന്നു. കുടുംബത്തോടൊപ്പം ചേർന്നു. കഴിവനുസരിച്ച് കാരാഗ്രഹത്തിൽനിന്ന് ലഭിച്ച പ്രകാശം സഹജീവികൾക്കെത്തിക്കാൻ ഞാൻ എന്നാലാവുന്നത് ചെയ്യുന്നു, റബ്ബിനു സ്തുതി.''



നമുക്കുചുറ്റും



## 'അറ്റുപോകരുത് പൗരാന്തസ്സ്'

# സക്കറിയയുടെ ജൽപനങ്ങൾ

**വി.വി. ബഷീർ, വടകര**

മലയാള മനോരമ ദിനപത്രത്തിൽ വന്ന, എഴുത്തുകാരൻ സക്കറിയയുടെ ഒരു ലേഖനം വായിക്കുകയുണ്ടായി. കോളേജ് അധ്യാപകനായ ടി.ജെ.ജോസഫിന്റെ കൈപ്പത്തി അവിവേകികളായ ചിലർ വെട്ടിമാറ്റിയ സംഭവവുമായി ബന്ധപ്പെട്ടായിരുന്നു ലേഖനം. 'അറ്റുപോകാത്ത പൗരാന്തസ്സ്' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ ജോസഫ് മാഷിനെ ന്യായീകരിക്കുന്നതോടൊപ്പം ഇസ്‌ലാംമത നിയമങ്ങളെ വിമർശിക്കാനും സക്കറിയ മറന്നില്ല. വിധി വന്നതിന് ശേഷം ജോസഫ് മാഷ് നടത്തിയ പ്രതികരണത്തിലെ വിഷം പുരട്ടിയ വാക്കുകൾ മനഃപൂർവം ലേഖകൻ വിസ്മരിച്ചിരിക്കുന്നു.

1400 വർഷം മുമ്പുള്ള പ്രാകൃത നിയമമാണ് തിരുത്തേണ്ടത് എന്നും വെല്ലുവിളിയായി നിൽക്കുന്നത് ഈ കാടൻ നിയമമാണെന്നുമാണ് മാഷിന്റെ ഭാഷ്യം. ഇതിൽ മതനിന്ദയുണ്ടോ എന്ന് പരിശോധിക്കേണ്ടത് സക്കറിയയാണ്. വീണ്ടും മതത്തെ കടന്നാക്രമിക്കാൻ ശ്രമിച്ച മാഷിന്റെ വാക്കിൽ സക്കറിയ അഭിമാനം കൊള്ളുന്നു എന്നെഴുതിയതിൽ അതിശയോക്തി തോന്നിയില്ല. കാരണം ജോസഫ് മാഷെ സഹപ്രവർത്തകർ തിരുത്തിയിട്ടും ഒരു മതത്തെ കടന്നാക്രമിക്കുന്നതിൽ മാഷ് കാണിച്ച വിവേകം അറ്റുപോകാത്ത പൗരാന്തസ്സായിരുന്നല്ലോ! ഇത്തരക്കാരുടെ വർഗീയ ചിന്തകൾക്ക് പിന്തുണയുമായി സക്കറിയയെ പ്പോലുള്ള സാഹിത്യകാരൻമാർ പേന ചലിപ്പിക്കുന്നതിൽ അതിശയോക്തി തോന്നിയില്ല. അദ്ദേഹം ആദ്യമായല്ല ഇസ്‌ലാമിനെതിരിൽ തൂലികയേന്തുന്നത്.

ഇസ്‌ലാം ഒരുവിധ അക്രമത്തെയും പ്രോത്സാഹിപ്പിക്കുന്നില്ല. കൈവെട്ടിയവരുടെ നീചപ്രവൃത്തിയിൽ ഇസ്‌ലാമിന് ബന്ധമില്ല. വർഷങ്ങളോളം മുഹമ്മദ് നബി(സ്വ)യെ ഉപദ്രവിച്ച സുഹൈലുബിൻ അംറ് യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടപ്പോൾ മാപ്പുനൽകി വിട്ടയച്ച പാരമ്പര്യമാണ് ഇസ്‌ലാമിന്നുള്ളത്. ഏറെ ക്രൂരത ചെയ്ത സുഹൈലിന്റെ മുൻപല്ലുകളെങ്കിലും തെറിപ്പിച്ചുകളയാമായിരുന്നുവെന്ന ഉമറുബ്‌നുൽ ഖത്ത്വാബി(റ)ന്റെ അഭിപ്രായം കേട്ടപ്പോൾ നാളെ പരലോകത്ത് അംഗഭംഗം ചെയ്യപ്പെട്ടവനായി ഹാജറാക്കപ്പെടുന്നത് നീ ഇഷ്ടപ്പെടുന്നുണ്ടോ ഉമറേ എന്നാണ് പ്രവാചകൻ(സ്വ) ചോദിച്ചത്. പിന്നീട് അതേ സുഹൈൽ പ്രവാചകന്റെ അനുചരനായി!

ഹൃദയ വിശാലതയും വിട്ടുവീഴ്ചയും റസൂലിന്റെ ജീവിതത്തിൽ മാത്രം പരിമിതമല്ല. അവസാന നാൾവരെയുള്ള വിശ്വാസികൾക്കെല്ലാം അവിടുന്ന് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന സദ്ഗുണങ്ങൾ ബാധകമാണ്.

“തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്”(ക്വുർആൻ 33:21).

വർഗീയ വാദികളെയും ഭീകരവാദികളെയും സൃഷ്ടിക്കാനല്ല പേനയും നാവും ചലിപ്പിക്കേണ്ടത്! സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കുന്നതാണ് വർഗീയത എന്നാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചത്. ഇസ്‌ലാമിക ശരീഅത്തിൽ മാനവികതയ്ക്കെതിരായ പ്രാകൃത നിയമമുണ്ടെങ്കിൽ അത് സോദാഹരണം മാലോകർക്ക് കാണിച്ചുകൊടുക്കൽ ജോസഫ് മാഷിന്റെ ബാധ്യതയാണ്; അതേപോലെ സക്കറിയയുടെയും. പരിശുദ്ധ ക്വുർആനോ തിരുസുന്നത്തോ നീചവൃത്തികളെ പ്രോത്സാഹിപ്പിക്കുന്നു എന്ന് തെളിയിക്കാൻ ലേഖകനോ ജോസഫ് മാഷിനോ സാധ്യമല്ല.

ജോസഫ് മാഷ് അനുഭവിച്ച വേദനയിൽ ദുഃഖമുണ്ട്. ഇസ്‌ലാമിനെ അധിക്ഷേപിച്ചതിൽ ഞങ്ങൾക്ക് വേദനയുണ്ട്. അക്രമികൾ ശിക്ഷിക്കപ്പെടട്ടെ. ഒപ്പം വിദ്വേഷമില്ലാത്ത മനസ്സുകൾ പാകപ്പെടുത്താൻ ലേഖകനും ജോസഫ് മാഷിനും കഴിയട്ടെ.

# രണ്ട് വാല്യങ്ങൾ

നബി ﷺ യുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**


WISDOM BOOKS

**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
05 August 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




To the right goal...
Through the right path...

27th

WISDOM

# PROFCON

2023 SEPTEMBER 8 9 10

# KOZHIKODE



WISDOM students wisdomstudents 81568 12292 www.profcon.in